മാർച്ച് 2009 വാല്യം 2 ലക്കം 11

# ഗുരുദാസം

## വേദാന്ത മാസിക

സ്കൂൾ ഓഫ് വേദാന്തയുടെ മുഖപത്രം

**രക്ഷാധികാരികൾ**

ഡോ. പ്രഭാകരൻ എണ്ണക്കാത്തറ
സദാശിവൻ കെ.കെ.
ഡോ. കെ.വി. സത്യദേവ്
ശിവരാജൻ നങ്ങേലിൽ
ജയേഷ് സി. കെ.
വിനോദ് കുമാർ പി.ടി.
പ്രകാശൻ തൈക്കൂട്ടത്തിൽ
ഡോ. ശാന്തിമതി ഭാസ്കരൻ
നിരഞ്ജന ചേതന

**എഡിറ്റർ**

നിത്യ ചേതന

**എഡിറ്റർ-ഇൻ-ചാർജ്ജ്**

പ്രവീൺ വി.പി.

**പ്രൂഫ് റീഡിംഗ്**

സദാശിവൻ അയ്യങ്കുളം
ശബരി ചേതന

**ഗ്രാഫിക്സ്**

ബിപിൻ എൻ.പി.
രമണൻ ഒ.ടി.

**സർക്കുലേഷൻ മാനേജർ**

പ്രദീപ് കുമാർ കെ. ടി.

**പബ്ലിക് റിലേഷൻസ്**

സ്വനൂപ് വിശ്വം
ലക്ഷ്മി ആർ.

**ലീഗൽ അഡ്വൈസർ**

അഡ്വ. എൻ. എൻ. സുഗുണപാലൻ

## ഉള്ളടക്കം

എഡിറ്റോറിയൽ - 2

അഹങ്കാരത്തിന്റെ അടരുകൾ - 5
സ്വാമി സുധി

നെടുങ്ങണ്ടയിലെ ചെമ്പകപ്പൂക്കൾ - 13
ഗോപി കാഞ്ഞിരമറ്റം

മരിയാതെ ഉടലോടെ പോയതാര്? - 14
ഡോ. ടി. ഭാസ്കരൻ

ഹൃദയചോരൻ - 19
അഷിത

ഗുരുവും ശിഷ്യനും - 20
സ്വാമി സുധി

മുത്തുസ്വാമി ദീക്ഷിതർ - 26
നിമ്യ സലിംകുമാർ

ഒരു കപ്പു ചായ - 30

സ്വർണ്ണക്കീരി - 33


ഗുരുവിനെ ഓർക്കുമ്പോൾ - 35
സുബൈദ കെ.

GUHASHTAKAM-Translation - 38

ദൃശ്യ വേദാന്ത - 42
പ്രവീൺ വി.പി.

വേദാന്ത വൃത്താന്തം - 47

## എഡിറ്റോറിയൽ



മുമ്പൊക്കെ തെരഞ്ഞെടുപ്പുകൾ വരുമ്പോൾ ആളുകൾ പ്രത്യാശകൊണ്ട് ഉത്സുകരായിത്തീരാറുണ്ട്. ഓരോ തെരഞ്ഞെടുപ്പിലും ജനങ്ങളെ പുതിയ പുതിയ വാഗ്ദാനങ്ങളാൽ രാഷ്ട്രീയപ്പാർട്ടികൾ പ്രചോദിതരാക്കുന്നു. ഇന്ത്യ സ്വതന്ത്രമായതിനു ശേഷം ലോകസഭയിലേയ്ക്കും രാജ്യസഭയിലേയ്ക്കും നിയമസഭയിലേയ്ക്കും നിരവധി തെരഞ്ഞെടുപ്പുകൾ നടന്നു കഴിഞ്ഞു. ഇപ്പോൾ തെരഞ്ഞെടുപ്പുകളോട് ജനങ്ങൾക്കുള്ളത് ഒരുതരം മരവിച്ച ഉദാസീനതയാണ്.

ജനാധിപത്യ വ്യവസ്ഥിതിയിൽ ജനത്തിനാണ് വില കൂടുതൽ. എന്നാൽ തെരഞ്ഞെടുപ്പു കഴിഞ്ഞ് തങ്ങളുടെ പ്രതിനിധികളെ ലോകസഭയ്ക്കോ നിയമസഭയ്ക്കോ അയച്ചു കഴിഞ്ഞാൽ അഞ്ചു വർഷത്തേയ്ക്ക് ജനം നിസ്സഹായരാണ്. തെരഞ്ഞെടുപ്പു വരുന്ന സമയത്ത് ഓരോ രാഷ്ട്രീയപ്പാർട്ടിയും മാനിഫെസ്റ്റോകൾ ഉണ്ടാക്കും. ജനങ്ങളുടെ ക്ഷേമത്തിനായി തേനും പാലും ഒഴുക്കുമെന്ന രാമണീയകങ്ങളായ വാഗ്ദാനങ്ങളാണ് മാനിഫെസ്റ്റോയിൽ കുത്തിനിറച്ചിരിക്കുന്നത്. രാഷ്ട്രീയക്കാരന്റെ നാവ് ജനങ്ങളെ വശീകരിക്കുവാൻ തക്കരീതിയിൽ ഏതുതരത്തിലും വീശാവുന്ന വഴക്കമുള്ളതാണ്.

ഇന്ത്യയുടേത് പാർലമെന്ററി ജനാധിപത്യമാണ്. ജനപ്രതിനിധികളാണ് ജനാധിപത്യത്തിൽ ഭരണകർത്താക്കൾ. ഇവിടെ ജനം എന്ന വാക്ക് നാമമാത്രമാണ്. പാർട്ടികളുടെ പ്രതിനിധികളാണ് ഭരണം കയ്യാ

ളുന്നത്. ജനമാകട്ടെ ഏതെങ്കിലും പാർട്ടിയിലെ അണി കളായിരിക്കും. അണികളായിരിക്കുന്ന ജനം തെരഞ്ഞെ ടുക്കാനുള്ള പ്രബുദ്ധത നേടിയെടുക്കാത്തതുകൊണ്ട് പാർട്ടി നേതാക്കൾ എന്തു പറയുന്നുവോ അതനുസരി ക്കും. പാർട്ടികളുടെ ജയം തങ്ങളുടെ ജയമാണെന്ന മിഥ്യാഭിമാനത്താൽ ആഹ്ലാദിക്കുകയും ചെയ്യും.

പണ്ടൊക്കെ രാഷ്ട്രീയപ്പാർട്ടികൾക്ക് വലിയ ലക്ഷ്യ ങ്ങൾ ഉണ്ടായിരുന്നു. ഇന്ത്യയിലെ കോൺഗ്രസ്സുപാർട്ടി രൂപംകൊണ്ടത് ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായാണ്. അതുകൊണ്ട് കോൺഗ്രസ്സിന്റെ ചരിത്ര ത്തിൽ കേമന്മാരായ ഒട്ടേറെ നേതാക്കളുടെ പിൻബ ലമുണ്ട്. കമ്മ്യൂണിസ്റ്റുപാർട്ടിയും തൊഴിലാളികളുടെ കൂട്ടായ്മയെ ഭരണത്തിലേറ്റാനുള്ള ലക്ഷ്യത്തോടെ യാണ് രൂപീകൃതമായത്. ഭാരതത്തിന്റെ സനാതനമായ മൂല്യങ്ങളെ കാത്തുസംരക്ഷിച്ചുകൊണ്ട് ഇന്ത്യയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് ഭാരതീയജനതാപാർട്ടി ഉടലെടുത്തത്. അങ്ങനെയുള്ള മഹനീയമായ ലക്ഷ്യങ്ങ ളൊക്കെ ഇന്ന് ഏറെയൊക്കെ വിസ്മൃതമായിക്കഴിഞ്ഞു.

ഇന്ന് പാർട്ടികളിൽ അന്തഃഛിദ്രം ഉണ്ടാകുമ്പോൾ സ്ഥാനമോഹികളും സ്വാർത്ഥമതികളുമായ നേതാക്ക ന്മാർ പുതിയ പാർട്ടികൾ ഉണ്ടാക്കി അതിന്റെ തലപ്പത്തി രിക്കും. കഴിവുകെട്ട കുറേ പിണിയാളുകൾക്ക് പാർട്ടി യുടെ ഭരണനേതൃത്വം കൊടുക്കുകയും ചെയ്യും. പാർട്ടിയും രാഷ്ട്രീയവും ഭരണവുമെല്ലാം ഇന്ന് ജന ങ്ങൾ കൊടുക്കുന്ന നികുതികൾ തട്ടിയെടുക്കാനുള്ള കുത്സിതമായ പ്രവർത്തനങ്ങളാണ്. അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റേയും കറപുരളാത്ത ഒരു നേതാവിനേയും മാതൃകയാക്കാൻ ഇന്നു നമ്മുടെ മുന്നി ലില്ല.

ഇന്ത്യയുടെ ഭരണഘടന എഴുതിയുണ്ടാക്കിയപ്പോൾ ഇവിടത്തെ ഭരണവ്യവസ്ഥ മതനിരപേക്ഷം (secular) ആയിരിക്കണമെന്ന് പ്രത്യേകം എഴുതിച്ചേർത്തിരുന്നു. എന്തെന്നാൽ ഭാരതം മതങ്ങളുടെ ഈറ്റില്ലമാണ്. വർഗ്ഗ-ജാതിഭേദങ്ങളും ഇവിടെ മാന്യതയുടെ മൂടുപടമ ണിഞ്ഞ് വിലസുന്നുണ്ട്. അതൊക്കെ വച്ചുനോക്കു മ്പോൾ ജാതിസംഘടനകൾക്കും മതസംഘടന

കൾക്കും രാഷ്ട്രീപാർട്ടികളെ സ്വാധീനിക്കുവാൻ കഴിയുന്നുവെന്നത് ഇന്ത്യയുടെ ജനാധിപത്യത്തിന്റെ വികൃതമായ മുഖമാണ് അനാവൃതമാക്കുന്നത്.

ജാതിസംഘടനകൾ ഭരണത്തിലേറുന്ന രാഷ്ട്രീയ പാർട്ടികളുമായി വിലപേശൽ നടത്തുന്നു. കാരണം പാർട്ടികളേക്കാൾ ജനങ്ങൾക്ക് വൈകാരികമായ ബന്ധം കിടക്കുന്നത് മതത്തിലും ജാതിയിലുമാണ്. മനുഷ്യന്റെ ഉന്നതമായ ആശയങ്ങളും മൂല്യങ്ങളും വലിയതോതിൽ കൈമോശം വന്നിരിക്കുകയാണ്. ജാതി പറയുന്നത് മ്ലേച്ഛമായി കരുതിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇന്നിപ്പോൾ അതൊക്കെ വളരെ മാന്യമായ ഏർപ്പാടായിട്ടുണ്ട്. മനുഷ്യരുടെ ഏകീകരണവും ഐക്യവും സാക്ഷാത്ക്കരിക്കാനായി ഒട്ടേറെ മഹാത്മാക്കൾ ഈ ഭൂമിയിൽ ജാതരായിട്ടുണ്ട്. പക്ഷേ അവരുടെയെല്ലാം നാമത്തിൽ സംഘടിച്ചിരിക്കുന്നവർതന്നെയാണ് ഇവിടെ വിഭാഗീയതയും മതവിരോധവുമെല്ലാം വളർത്തിക്കൊണ്ടുവരുന്നത്. മതത്തിലും രാഷ്ട്രീയത്തിലും വന്നുഭവിച്ച മൂല്യശോഷണം തെരെഞ്ഞെടുപ്പുകളിൽ ബാധിയ്ക്കാതിരിക്കണമെങ്കിൽ നാമെല്ലാം സ്വതന്ത്രരായി മൂല്യബോധത്തോടുകൂടി ഓരോരുത്തരുടേയും സമ്മതിദാനാവകാശം വേണ്ടപോലെ ഉപയോഗിക്കേണ്ടിയിരിക്കുന്നു.

ജനനീ നവരത്നമഞ്ജരി
വ്യാഖ്യാനം

5



സ്വാമി സുധി

# അഹങ്കാരത്തിന്റെ അടരുകൾ



മനസ്സിന് ഒരു ഗതീയതയുണ്ട്. മനസ്സിന് ഈ ഗതീയതയെ ഉപേക്ഷിച്ച് ഇരിക്കാൻ കഴിയുകയില്ല. അതിന്റെ സ്വഭാവം ഇങ്ങനെയാണ്. ത്രിപുടികളാണ് അതിൽ വന്നങ്കുരിക്കുന്നത്. മൂന്നു പുടങ്ങളോടു കൂടിയതാണ് ത്രിപുടി. മൂന്നിതളുകളുള്ള ഒരു പൂവിനോടാണ് ചിത്തവൃത്തികളെ ഉപമിക്കുന്നത്. ഒരു കാഴ്ചയെ നാം കാണുമ്പോൾ അതിൽ കാണുന്നവൻ എന്ന ഒരിതൾ, കാണപ്പെടുന്ന വസ്തു എന്ന വേറൊരിതൾ, കാണുന്നവനേയും കാണപ്പെടുന്ന വസ്തുവിനേയും തമ്മിൽ സംബന്ധിപ്പിക്കുന്ന കാണൽ എന്ന പ്രക്രിയ എന്ന വേറൊരിതൾ. ഇങ്ങനെയാണ് എല്ലാ അനുഭവങ്ങളും ഉണ്ടാകുന്നത്. ഒരാൾ കാണാൻ വേണം. കാണപ്പെടാനൊരു വസ്തു വേണം. കാണുന്ന ഒരു പ്രക്രിയ ഉണ്ടായിരിക്കണം. ത്രിപുടി എന്നു പറഞ്ഞാൽ അതാണ്.

ഇതു കാണുന്നതിൽ മാത്രമല്ല, സ്പർശിക്കുന്നതിൽ സ്പർശിക്കുന്നവൻ വേണം, സ്പർശിക്കപ്പെടുന്ന വസ്തു വേണം.

സ്പർശിക്കൽ എന്ന ക്രിയവേണം. എല്ലാ കാര്യത്തിലും അങ്ങനെ തന്നെയാണ്. അറിയുന്നതിൽ അറിയുന്നവൻ വേണം, അറിയപ്പെടുന്ന വസ്തു വേണം, അറിയൽ എന്ന പ്രക്രിയ വേണം.

ഈ വിഭജനം മനസ്സിന്റേതാണ്. മനസ്സിന്റെ ഈ വിഭജനത്തെക്കുറിച്ചു ശരിക്കും മനസ്സിലാക്കാൻ കഴിയുമ്പോഴാണ് ഒരാൾ വിവേകിയായിത്തീരുന്നത്. ഒരേയൊരു ബോധംതന്നെയാണ് കാണുന്നവനായിരിക്കുന്നതും കാണപ്പെടുന്ന വസ്തുവായിരിക്കുന്നതും കാഴ്ചയായിരിക്കുന്നതും. ഒരേയൊരു സത്യത്തിനു സംഭവിക്കുന്ന ഒരു വക്രീകരണം. അതിനെയാണ് മനസ്സെന്നു പറയുന്നത്. ഇങ്ങനെ നമ്മുടെ മേധയിൽ, നമ്മുടെ ബുദ്ധിയിൽ, നമ്മുടെ ചിന്തയിൽ ഒക്കെ ഈ വക്രീകരണം നടക്കുന്നുണ്ട്. നമ്മൾ ഇതറിയുന്നില്ല. എവിടെ വിഭജനമുണ്ടോ അവിടെയൊക്കെ ഈ ത്രിപുടിയുമുണ്ട്. ത്രിപുടിയില്ലാത്ത ഒരനുഭവവും സാധാരണ മനുഷ്യനില്ല.

ഒരു ജ്ഞാനിക്കു മാത്രമാണ് ത്രിപുടിക്കതീതമായിരിക്കുന്ന ബോധത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്നുള്ളൂ. അതുകൊണ്ട് എവിടെ ത്രിപുടികൾ ഉണ്ടാകുന്നുവോ അവിടെയൊക്കെ അതിന്റെ അധിഷ്ഠാനമായിരിക്കുന്ന ബോധമുണ്ടെന്ന് അറിയുകയെങ്കിലും ചെയ്യണം. അടിസ്ഥാനമായിരിക്കുന്ന ഏകബോധം, ഏകമായിരിക്കുന്ന ഉണ്മ അതുണ്ടെന്ന് ആദ്യം അറിയണം. അതാണ് ആദ്യത്തെ ജ്ഞാനം. അപ്പോൾ നമുക്കു മനസ്സിലാകും എന്തിലും ഒരു ഐക്യമുണ്ടെന്ന്. നാനാത്വത്തിൽ ഏകത്വത്തെക്കുറിച്ചു ഭാരതത്തിലുള്ള എല്ലാവരും വാതോരാതെ സംസാരിക്കുന്നുണ്ടെങ്കിലും ആ ഏകത്വം എവിടെ കിടക്കുന്നു എന്ന് ആർക്കും അറിയില്ല. അത് ഇവിടെയാണ്. ഓരോ വ്യക്തിയുടേയും മനസ്സിന്റെ അടിത്തട്ടിൽ നിശ്ചലമായിരിക്കുന്ന, നിർവികാരമായിരിക്കുന്ന, സാക്ഷിയായിരിക്കുന്ന, അചഞ്ചലമായിരിക്കുന്ന ബോധത്തെയാണ് ഇവിടെ അടിസ്ഥാനസത്യമായിട്ടു മനസ്സിലാക്കേണ്ടത്. ഈ അധിഷ്ഠാന സത്യത്തെ അറിയാതെയാണ് സാധാരണ ഗതിയിൽ നമ്മിൽ അനുഭവങ്ങൾ സംഭവിക്കുന്നത്.

മനസ്സിന്റെ വിഭജിതമായിരിക്കുന്ന 'ഞാൻ' എന്ന അഹന്തയെ നമ്മൾ വളരെയധികം വികസിപ്പിച്ചെടുത്തിരിക്കുന്നു. നിങ്ങൾക്കൊരു തൊഴിലുണ്ട്. ആ തൊഴിലിന്റെ ഭാഗമായി നിങ്ങൾ പറയുന്നു, ഞാൻ വക്കീലാണ്...ഞാൻ ഡോക്ടറാണ്....ഞാൻ ജേർണലിസ്റ്റാണ്...ഞാൻ മാനേജരാണ് എന്നൊക്കെ. ഇങ്ങനെ പറയുമ്പോൾ ഞാൻ എന്നു പറയുന്ന തലമാണ് ഇവിടെ ഉന്തിയുന്തി മുമ്പോട്ടു വരുന്നത്. ഞാൻ പ്രസിഡന്റാണ്, ഞാൻ പ്രധാനമന്ത്രിയാണ് എന്നു പറയുമ്പോൾ ഞാനിന്റെ, അഹന്തയുടെ ശക്തി

കൂടിക്കൊണ്ടിരിക്കുകയാണ്. അഹന്ത മുമ്പോട്ട് തള്ളിത്തള്ളിവരികയാണ് ചെയ്യുന്നത്.

ഞാനൊരു യാചകനാണ് എന്നു വിചാരിക്കുമ്പോഴും ആ യാചകനിലും അഹന്തയുണ്ട്. അഹന്തയ്ക്കു ധനവാനെന്നോ നിർധനനെന്നോ തരത്തിലുള്ള വകഭേദങ്ങളൊന്നുമില്ല. ധനമുള്ളവനും അഹന്തയുണ്ട്. ധനമില്ലാത്തവനും അഹന്തയുണ്ട്. അഹന്തയെ സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുവാൻ കഴിയുകയില്ല. അഹന്തയും സാമ്പത്തിക ശാസ്ത്രവും തമ്മിൽ ഒരു ബന്ധവുമില്ല. ഒരു ഭിക്ഷക്കാരന് ഭിക്ഷക്കാരന്റേതായിരിക്കുന്ന അഹന്തയുണ്ട്. ഒരിക്കലും ഭിക്ഷക്കാരനായിരിക്കുന്ന ഒരാൾക്ക് ഒരു രാജാവി നോട് അസൂയ തോന്നാൻ ഇടയില്ല. അയാളുടെ ജീവിതത്തിൽ ഒരു രാജാവിനോട് അസൂയ തോന്നുന്നതിനുപകരം വേറൊരു ഭിക്ഷക്കാരനോടു തോന്നാം. വേ റൊരു ഭിക്ഷക്കാരൻ ഒരു മൊബൈൽ ഫോണുമായി അയാളുടെ മുമ്പിലൂടെ കടന്നുപോയാൽ അയാൾക്കതു സഹിക്കില്ല. അയാളുടെ അഹന്ത അപ്പോൾ മുമ്പിലേക്കുതള്ളിവരും. കാരണമെന്താണ്? തന്റെ ഗണത്തിൽപെട്ട ആളായതുകൊണ്ടാണ്. നമ്മുടെ അഹന്തയുടെ സ്വഭാവം നോക്കൂ. അഹന്ത അസൂയയായി പ്രതികരിക്കുന്നത് ഒരേ ഗണത്തിലുള്ള ആളുകളോടാണ്.



എഴുത്തുകാർക്ക് അസൂയ ഉണ്ടാ കുന്നത് എഴുത്തുകാരോടാണ്. രാഷ്ട്രീയ ക്കാർക്ക് അസൂയയുണ്ടാകുന്നത് രാഷ്ട്രീയക്കാരോടാണ്. സ്ത്രീകൾക്ക് അസൂയയുണ്ടാകുന്നത് സ്ത്രീകളോടാണ്. പുരുഷന്മാർക്ക് അസൂയ ഉണ്ടാകുന്നത് പുരുഷന്മാരോടാണ്. ഇങ്ങനെ ചില തലങ്ങളിലാണ് അഹന്തയുടെ വിജൃംഭണം ഉണ്ടാകുന്നത്. മനുഷ്യന്റെ നിത്യജീവിതത്തെ ഒന്നു പരിശോധിച്ചു നോക്കിയാൽ അതു മനസ്സിലാക്കാൻ കഴിയും. ഞാൻ എന്ന വശത്തെ നാം വിക്ഷേപിച്ചുകൊണ്ടേയിരിക്കുന്നു.

അറിയുന്നവൻ, അറിയപ്പെടുന്ന വസ്തു, അറിയുക എന്ന

പ്രക്രിയ ഇവ മൂന്നിനേയും എടുത്തു ത്രിപുടി എന്ന അർത്ഥത്തിൽ ഗുരു പറയുന്നു. അപ്പോൾ ഒന്നായ മാമതിയിൽനിന്ന് ആയിരം ത്രിപുടി വന്ന് ആശു തന്മതി മറന്ന്. ആശു എന്നു പറഞ്ഞാൽ പൊടുന്നനെ. പൊടുന്നനെ ഉണ്ടാകുന്ന സംഭവം എന്താണ് ? ആത്മവിസ്മൃതി സംഭവിയ്ക്കുന്നു. നാം ആരെന്നു നാം മറന്നു പോകുന്നു. ത്രിപുടി ഉണ്ടാകുമ്പോൾ നാം നമ്മെ മറന്നു പോകുന്നു. ചിന്തകൾ നമ്മിൽ അങ്കുരിക്കുമ്പോൾ ആത്മാവിനെ നമ്മൾ മറന്നു പോകുന്നു.

ആത്മവിസ്മരണമാണ് പാപം. പാപത്തെ ഈ അർത്ഥത്തിൽ മനസ്സിലാക്കണം. പ്രത്യേകിച്ചും പാശ്ചാത്യർ പറയുന്ന പാപത്തേക്കാൾ വൈയക്തികമായ പാപമാണ് നാം നമ്മെ മറക്കുക എന്നുള്ളത്. സത്തയെ മറക്കുക എന്നുള്ളത്. സ്വസത്തയെ മറന്നാൽ പിന്നെ നാം ഏതിനെയായിരിക്കും ഓർക്കുക? അതിന്റെ വിപരീതവശത്തിരിക്കുന്ന ലോകത്തെയായിരിക്കും നാം ഓർത്തുകൊണ്ടിരിക്കുക. ആത്മവിസ്മരണത്തിന് ഒരു വിപരീതതലമുണ്ട്. ആത്മവിസ്മരണം ഉണ്ടാകുമ്പോൾ ലോകസ്മരണമാണ് സംഭവിക്കുന്നത്. നാം നമ്മെ വിസ്മരിച്ചാൽ ലോകം നമ്മുടെ മുമ്പിൽ പ്രതിഭാസിക്കാൻ തുടങ്ങും. നമ്മുടെ മുമ്പിൽ ലൗകികമായിരിക്കുന്ന കാഴ്ചകളും ലൗകികമായിരിക്കുന്ന ആഗ്രഹങ്ങളും ലൗകികമായിരിക്കുന്ന ആവേശങ്ങളും അണിനിരക്കും. അവ നമ്മെ നിരന്തരമായി മുമ്പോട്ടു തള്ളിക്കൊണ്ടിരിക്കും. ഇതാണ് ദുഃഖത്തെ ഉണ്ടാക്കുന്നത്. ആത്മവിസ്മരണവും ലോകസ്മരണവും ഒരേ പ്രക്രിയയുടെ രണ്ടു പുറങ്ങളാണ്. ലോകത്തെ സ്മരിച്ചാൽ ആത്മാ വിനെ വിസ്മരിക്കും. ലോകത്തെ വിസ്മരിച്ചാൽ ആത്മാവിനെ സ്മരിക്കും. ഈ രണ്ടു പുടങ്ങളെ സ്വജീവിതത്തിൽ മനസ്സിലാക്കേണ്ടതുണ്ട്.



ഇനി വിസ്മരണത്തിന്റേയും സ്മരണത്തിന്റേയും കാര്യം ലൗകികമായ തലത്തിൽതന്നെ

എടുത്താലും, ഏതെങ്കിലും ഒരു പ്രിയപ്പെട്ട ഒരാളെ നിങ്ങൾ ആരാധിക്കുന്നുണ്ടെങ്കിൽ, സ്നേഹിക്കു ന്നുണ്ടെങ്കിൽ സദാ ആ വ്യക്തിയുടെ മുഖമായിരിക്കും നിങ്ങളുടെ ഓർമ്മയിൽ ഉണ്ടാവുക. ആ മുഖം നിങ്ങളുടെ ഉള്ളിൽനിന്നു മാറണമെങ്കിൽ വേറൊരു മുഖം ആ സ്മരണയുടെ സ്ഥാനത്തിരിക്കണം. അതുകൊണ്ടാണ് മിക്കവാറും കമിതാക്കളെ വേർപെടുത്താനായി മനഃശാസ്ത്രജ്ഞന്മാർ അവരെ സ്ഥലം മാറ്റി വേറെ എവിടെയെങ്കിലുമൊക്കെ താമസിപ്പിക്കുകയും അവിടെ തത്തുല്യമായ സ്നേഹം പങ്കിട്ടുകൊടുക്കുന്ന ആളുകളെകൊണ്ട് അവരുമായി ബന്ധപ്പെടുത്തുകയും ഒക്കെ ചെയ്യുന്നത്.

പൂർവകാമുകന്റെ മുഖം അല്ലെങ്കിൽ പൂർവകാമുകിയുടെ മുഖം ആ വ്യക്തിയിൽനിന്നും വിസ്മൃതമായിത്തീരുകയും പുതിയ സ്നേഹിതന്റെ അല്ലെങ്കിൽ സ്നേഹിതയുടെ മുഖം ആ വ്യക്തിയുടെ ഉള്ളിൽ സ്മൃതമായിത്തീരുകയും ചെയ്യും. ഒന്നിനെ വിസ്മരിക്കണമെങ്കിൽ വേറൊന്നിനെ സ്മരിക്കണം. അല്ലാതെ നമുക്കു വിസ്മരിക്കാൻ കഴിയുകയില്ല. ഈ ലൗകി കജീവിതത്തിന്റെ സാധാരണ ഗതിയിലുള്ള കാര്യങ്ങളാണിതെല്ലാം. ഇങ്ങനെ വളരെ അനായാസം നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിയെടുക്കാൻ കഴിയും.

ഒരാൾക്ക് മദ്യത്തിനോടു പ്രിയമുണ്ടെന്നു വിചാരിക്കുക. അയാൾക്ക് മദ്യം എന്നു പറഞ്ഞാൽ അത്രയും ആസ്വാദ്യമായ ഒരു വസ്തുവാണ്. അതിനെ മാറ്റണമെങ്കിൽ അത്രയ്ക്ക് ആസ്വാദ്യതയും ലഹരിയും നൽകുന്ന വേറൊന്നുകൊണ്ടു മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് മദ്യപന്മാരെ മദ്യത്തിൽനിന്നും പിൻതിരിപ്പിക്കാൻ വളരെ പ്രയാസമാണ്. ഇപ്പോൾ ഇതിലൊക്കെ ആദ്ധ്യാത്മികതയുടേയും സ്നേഹത്തിന്റേതുമായ ചില വഴികളൊക്കെയാണ് തെളിഞ്ഞുവരുന്നത്. ആദ്ധ്യാത്മികതയുടെ ഒരു ലഹരിയുണ്ട്. മദ്യത്തിന്റെ ലഹരിയേക്കാൾ അഗാധമായിരിക്കുന്ന ലഹരിയാണ് ആധ്യാത്മികതയുടെ ലഹരി. മദ്യം ഒരു ഉപാധിയാണെങ്കിൽ മദ്യത്തിന് നമുക്ക് പണം കൊടുക്കണം. പണം കൊടുത്ത് നമ്മൾ കുടിക്കു ന്തോറും നമ്മളുടെ ആരോഗ്യം ക്ഷയിച്ചുവരും. അങ്ങനെ ഒരു ഉപാധിയിലൂടെ നമ്മൾ ജീവിക്കുന്നതിനേക്കാൾ എത്രയോ ഉത്തമമാണ് ആധ്യാത്മികമായിരിക്കുന്ന, നമ്മിൽത്തന്നെയിരിക്കുന്ന, ആത്മാവിന്റെ ലഹരിയെ നുണഞ്ഞു ജീവിക്കുന്നത്. പക്ഷേ, ആരും ആ വഴിയിലൂടെ അന്വേഷണം നടത്താത്തതുകൊണ്ടാണ് ആ വഴി തിരഞ്ഞെടുക്കാത്തത്. മിസ്റ്റിക്കുകളും യോഗികളും സൂഫികളും നാദാനുസന്ധാനം നടത്തിക്കൊണ്ടിരിക്കുന്നവരും ഒക്കെ ഒരുതരം പ്രത്യേകമായ ലഹരിയിൽ ജീവിതത്തിന്റെ ആഹ്ലാദം അനുഭവിക്കുന്നവരാണ്.

അത് ഉന്മാദത്തിന്റെ ആഹ്ലാദമല്ല. ആത്മാവിന്റെ സഹജമായ ആനന്ദമാണ്.

ശ്രീരാമകൃഷ്ണ പരമഹംസർ ആത്മാവിന്റെ അനുഭൂതി ഉണ്ടാകുമ്പോൾ ഒരു നർത്തകനെപ്പോലെ എണീറ്റുനിന്ന് നൃത്തം വയ്ക്കുമായിരുന്നുവത്രേ. ആനന്ദംകൊണ്ട് ഇരിക്കാൻ വയ്യാതാകുന്നു. ആനന്ദം വരുമ്പോൾ കൊച്ചുകുട്ടികൾ നൃത്തം വയ്ക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? എന്തിനു കൊച്ചുകുഞ്ഞുങ്ങൾ. ചില മൃഗക്കുഞ്ഞുങ്ങൾ തുള്ളിച്ചാടാറില്ലേ? പൂച്ചക്കുട്ടികളെ നിങ്ങൾ നോക്കൂ. ആട്ടിൻക്കുട്ടികളെ നോക്കൂ. അവർ തീറ്റ കഴിഞ്ഞാൽ, സന്തോഷം വന്നാൽ എന്താണ് പിന്നെ ചെയ്യുന്നതെന്ന് അറിയാൻ പാടില്ല. പല തരത്തിലുള്ള ലീലാവിനോദങ്ങളിൽ അവർ ഏർപ്പെടുന്നു. സിംഹത്തിന്റേയും പുലിയുടേയും കുട്ടികളും ആനന്ദം വന്നാൽ  നൃത്തം ചെയ്യും.



പരമഹംസർ ലോകത്തിനോടു പറഞ്ഞിട്ടുള്ളത് ഇതാണ് – ആനന്ദിക്കുവിൻ! ആത്മാവിന്റെ ആനന്ദം നുകർന്ന് ഈ ലോകത്തിൽ തന്നെ നിങ്ങൾക്ക് ആനന്ദതുന്ദിലരായി ജീവിക്കാൻ കഴിയും. വേറെ ഏതു ലഹരിയേക്കാളും ഉന്മേഷമുണ്ടാക്കുന്ന ഒരു ലഹരിയാണ് ആത്മാവിന്റെ ലഹരിയെന്ന് ശ്രീരാമകൃഷ്ണ പരമഹംസരുടെ വചനങ്ങളിലൂടെ  വായിച്ചു പോകുമ്പോൾ നമുക്കു ബോധ്യപ്പെടും.

അറേബ്യയിലെ സൂഫിയായിരുന്ന ജലാലുദ്ദീൻ റൂമി ഉള്ളിലുണർന്ന അനുഭൂതിയുടെ അതിവിശിഷ്ടമായ ലഹരിയാൽ മുപ്പത്തിയാറു മണിക്കൂർ നിർത്താതെ നൃത്തംചെയ്തു കുഴഞ്ഞുവീണു. ഇതു സൂഫിസാഹിത്യങ്ങളിൽ കാണാൻ കഴിയും. അറേബ്യയി ലെ സൂഫികളെപ്പോലെതന്നെ യൂറോപ്പിലും മറ്റും ഉണ്ടായിരുന്ന മിസ്റ്റിക്കുകളും ഇന്ത്യയിൽതന്നെ ഉണ്ടായിരുന്ന അക്കമഹാദേവി, മീരാബായി തുടങ്ങിയ നിരവധി യായ യോഗിനികളും ഇതേപോ ലുള്ള ഒരു ആധ്യാത്മികഹർ ഷത്തിന്റെ അപൂർവമായ അവ സ്ഥയിലേക്കു പോയിട്ടുള്ളവ രാണ്.

എപ്പോൾ നിങ്ങളുടെ ഉള്ളിൽ ചിന്തകൾ നിലയ്ക്കുന്നുവോ ചിത്തവൃത്തികൾ നിലയ്ക്കുന്നുവോ ത്രിപുടികൾ ഒടുങ്ങുന്നുവോ

അപ്പോൾ നിങ്ങൾ ദേവിയുടെ, ജഗദംബയുടെ, ജനനിയുടെ ഹൃദയസരോവരത്തിൽ അമർന്നിരിക്കും. അവിടെയാണ് എല്ലാ ദുഃഖങ്ങൾക്കും ചിന്തകൾക്കും അനൈക്യങ്ങൾക്കും ശമനം ഉണ്ടാകു ന്നത്. അതുകൊണ്ടാണ് യോഗത്തെ ചിത്തവൃത്തികളുടെ നിരോധനമായി പതഞ്ജലി മഹർഷി പറയുന്നത്. നാരായണഗുരു ആത്മോപദേശശതകത്തിൽ ത്രിപുടി മുടിഞ്ഞു തെളിയുന്ന ദീപത്തിനോടാണ് ആത്മാനുഭവത്തെ ഉപമിച്ചിരിക്കുന്നത്. ഉപനിഷത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ഈ രഹസ്യം കപട യതികൾക്കു കരസ്ഥമാവുകയില്ലെന്നും ഗുരു ഓർമ്മിപ്പിക്കുന്നു.

ബാഹ്യമോടിക്കുവേണ്ടി സാധനയും പ്രാർത്ഥനയും സന്ന്യാസവും ധ്യാനവും ഒക്കെ സ്വീകരിച്ചു നടക്കുകയാണെങ്കിൽ ചിത്തവൃത്തികൾ ഒടുങ്ങുകയില്ല, ത്രിപുടികൾ ഒടുങ്ങുകയില്ല. ബാഹ്യമായി അങ്ങനെയൊക്കെ കാണിച്ചാലും നമ്മുടെ മനസ്സ് പ്രക്ഷുബ്ധമാണെങ്കിൽ പിന്നെ അതുകൊണ്ടെന്തു പ്രയോജനം? ത്രിപുടികൾ ബോധത്തെ മറയ്ക്കുന്നു. തന്മതി മറന്നു പോകുന്നു. അതുകൊണ്ട് തന്റെ സത്ത മറന്നുപോകാതെ പ്രാർത്ഥനകൾ നമ്മിൽനിന്നും ഉറന്നുവരട്ടെ. ധ്യാനം തെളിഞ്ഞുവരട്ടെ. അല്ലാത്തപക്ഷം അന്നാദിയിൽ പ്രിയമുയർന്ന് ആടലാം കടലിൽ ഒന്നായി വീണുവലയും. ദുഃഖത്തിന്റെ കടലിൽ വീണു പൊറുതി മുട്ടും.

ലോകത്തിന്റെ വേറൊരു പേരാണ് സംസാരം. സംസാരമെന്നാൽ തമിഴിൽ ഭാര്യ എന്നാണർത്ഥം. അതങ്ങനെ പറഞ്ഞു പറഞ്ഞു വന്നുചേർന്നിട്ടുള്ളതാണ്. പക്ഷേ, സംസ്കൃതത്തിൽ മാറിക്കൊണ്ടിരിക്കുന്നത് എന്ന അർത്ഥത്തിലാണ് സംസാരം എന്ന വാക്കു പ്രയോഗിക്കുന്നത്. മാറ്റങ്ങൾ എല്ലാം സത്യമെന്നു വിചാരിച്ച് അതിലേക്ക് നാം വീണുകൊണ്ടിരിക്കുകയാണെങ്കിൽ കടലിൽ വീണപോലെയായിരിക്കും. നിറയെ തിരകളുള്ള, എപ്പോഴും തിരയടിച്ചുകൊണ്ടിരിക്കുന്ന കടലിൽ പെട്ടുകഴിഞ്ഞാൽ ആ കടലിൽ നിങ്ങൾ എത്ര കൈകാലിട്ടടിച്ചാലും കരയണയുകയില്ല. നമ്മുടെ ഈ ലോകജീവിതവും കടലിൽ പെട്ടപോലെയാണ്. ഒട്ടേറെ പ്രയത്നിച്ചിട്ടും ഒരിടത്തും നമുക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. എന്നെങ്കിലും ഒരു പരിഹാരം ഉണ്ടാകുമെന്നു കരുതിയിട്ടാണ് നമ്മൾ ഇങ്ങനെ പ്രത്യാശയോടെ ജീവിക്കുന്നത്.

ജീവിതത്തിൽ എങ്ങനെയെങ്കിലും മറുകരപറ്റാനാണ് നാം ജീവിയ്ക്കുന്നത്. എവിടെയെങ്കിലും ഒരു ഉറച്ച അടിത്തറ ഉണ്ടാകുമെന്ന് കരുതിയിട്ടാണ് നമ്മൾ പലയിടങ്ങളിൽനിന്നും കടം വാങ്ങിച്ചാണെങ്കിലും ജീവിതത്തെ സുബദ്ധമാക്കാൻ ശ്രമിക്കുന്നത്. പക്ഷേ, അപ്പൊഴൊക്കെ കാലിന്നടിയിലെ മണ്ണ് ഒലിച്ചുപോകുന്നത് നമ്മൾ

കാണാറില്ല. കുറേകഴിയുമ്പോൾ അടിതെറ്റി നിലത്തു വീഴുന്നു. ഇതാണ് സാംസാരികതയുടെ പ്രത്യേകത. എപ്പോഴും നമ്മൾ അടിപതറി വീഴാനൊരു സാധ്യത യുണ്ട്. സംസാരത്തെ ഒരു മുതല യോടാണ് ഉപമിക്കാറ്. ആ മുതല യുടെ വായിൽ അകപ്പെട്ടുകഴി ഞ്ഞാൽ നമുക്കതിൽനിന്നു പുറത്തുകടക്കാൻ കഴിയുകയില്ല. സംസാരമാകുന്ന നക്രത്തിന്റെ വായിൽപെട്ടാൽ അതിൽനിന്നും പുറത്തുകടക്കണമെങ്കിൽ വിവേ കമാകുന്ന ഖഡ്ഗം നമ്മുടെ കൈ യിൽ ഉണ്ടായിരിക്കണം. വിവേക ത്തിന്റെ വാളുകൊണ്ടു മാത്രമേ സംസാരത്തിന്റെ മൂലത്തെ ഛേദി ക്കാൻ കഴിയുകയുള്ളൂ. ഇതു ശ ങ്കരാചാര്യരും രമണമഹർഷിയും നാരായണഗുരുവും പറയുന്നുണ്ട്. ശ്രദ്ധാപൂർവ്വം ജീവിച്ചാൽ ഈ ലോകത്തു പ്രയാസങ്ങളില്ലാതെ ജീവിക്കാം.

ഇവിടെ സംഗമില്ലാതെ ജീവി ക്കണമെങ്കിൽ നാം വളരെ ജാഗരൂ കരായിരിക്കണം. അല്ലെങ്കിൽ സംഗത്തിലേക്കു വീണുപോകും. സംഗത്തിൽ വീഴാതിരിക്കണ മെങ്കിൽ എന്തുവേണം? അതിനു പരമഹംസർ പറയുന്ന ഉപമ ഇതാണ്. കൈയിൽ കുറച്ചു വെളിച്ചണ്ണ പുരട്ടിയതിനുശേഷം ചക്ക മുറിക്കുകയാണെങ്കിൽ ചക്കപ്പശ കൈയിൽ പുരളു കയില്ല. വളരെ അനായാസം ചക്ക മുറിച്ചു ചക്കച്ചുളയെല്ലാം പറിച്ചുതിന്നാം. കൈയിൽ പശ പുരളുകയില്ല. ഇതാണ് എണ്ണ യാകുന്ന ല്യൂബ്രിക്കെന്റിന്റെ പ്രത്യേകത. ആ സ്നിഗ്ധത പശയെ തടുക്കുന്നു. അതുപോ ലെ നിങ്ങളുടെ ആത്മാവിന്റെ ഭാഗമായിരിക്കുന്ന നിസംഗത ലോകജീവിതത്തിൽ ഉണ്ടാ യിരിക്കണം. സർവത്തിനേയും സ്നേഹിക്കുന്ന ഒരു നിസംഗത, ജീവിതത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്ന ഒരു നിസംഗത. അതു ബോധത്തിൽനിന്നു വിരി ഞ്ഞുവരണം. നിരാസത്തിന്റെ നിസംഗതയല്ല, നിഷേധത്തിന്റെ നിസംഗതയുമല്ല. സ്വാംശീക രണത്തിന്റെ നിസംഗതയാണത്, സ്വീകാര്യതയുടെ നിസംഗത യാണത്, സർവത്തിനേയും ഹൃദ യത്തിൽ പുല്കുന്ന സർവസ്വീ കാര്യതയുടെ നിസംഗത. ഇതു നമ്മൾ വികസിപ്പിച്ചെടുക്കണം.

ഗോപി കാഞ്ഞിരമറ്റം



# നെടുങ്ങണ്ടയിലെ ചെമ്പകപ്പൂക്കൾ

ആശാന്റെയഴകെഴുമാരോമലാം
ചെമ്പകപ്പൂക്കളെക്കാണ്മാൻ
നെടുനാളായിക്കൊതിച്ചേൻ
നെടുങ്ങണ്ടയിലൊന്നു പോകുവാൻ
വന്നാണ്ടറുതിയിലാശുഭദിനം
വീണുകിട്ടിയ വരദാനമെന്നപോൽ
ചെമ്പകമരത്തിൻ തടങ്ങളിൽ
നിറയെ വീണപൂക്കൾ ഹാ! കിടപ്പൂ
'ചെറുലൂതകളാൽ ചരമാവരണം'
വിരിച്ചിപ്പോഴും വിമലയായ്, നീഹാര
ഹാരം ചാർത്തിയ വാഴ്‌വുകൾ
കൊല്ലമേറെ ശതാബ്ദിയായെങ്കിലും
ഫുല്ലകാന്തി മായാത്ത പൂക്കളേ
'താരങ്ങളിപ്പോഴും ഹിമകണങ്ങളാൽ'
ബാഷ്പധാരതൂകി നെടുവീർപ്പിടുന്നതും
വിസ്മയം! കണ്ടേറെ നിന്നു ഞാൻ
ശലഭമേനിയെ മാനിയാതൊട്ടു
മനഘ നീവരിച്ചൊരാത്തോഴൻ
വിധുരനായ് വാവിട്ടു കേഴുന്നതും
കവിയുമഴലാലീഭ്രമരവര്യൻ
കല്ലിലും തരുവിലും ബത! തലതല്ലി
പുലമ്പീടുന്നതും കണ്ടു ഞാൻ
കവിതൻ കല്പദ്രുമത്തിൽ വിടർന്ന
കൽഹാരമേ മായില്ലൊരിക്കലും നീ.

ഡോ. ടി. ഭാസ്കരൻ



# മരിയാതെ ഉടലോടെ പോയതാര്?



അനുകമ്പാശാലിയുടെ മാഹാത്മ്യം അവ്യാഖ്യേയമാണെന്നു പറയാതെ പറയുന്ന കവിതയാണു ശ്രീനാരായണഗുരുവിന്റെ 'അനുകമ്പാദശകം.' അറിവും അനുകമ്പയും ഒരുപോലെ മാറ്റമില്ലാത്തവയാണ്. അനുകമ്പാശാലിയെ ഏതെല്ലാം മഹാത്മാക്കളോട് ഉപമിക്കാം? ആരോടെല്ലാം ഉപമിച്ചാലും അദ്ദേഹത്തിന്റെ മഹത്വം പൂർണ്ണമായി ആവിഷ്കൃതമാവുകയില്ല. എങ്കിലും ഗുരു ഉപമിക്കുന്നു. മഹാഭാരതയുദ്ധത്തിൽ അർജ്ജുനന്റെ സാരഥിയായി പരമസത്യം വെളിപ്പെടുത്തിയ പരംപൊരുൾതന്നെയല്ലേ അനുകമ്പാശാലി? അല്ലെങ്കിൽ അദ്ദേഹം അദ്വൈതവേദാന്തത്തിനു സരളമായി വ്യാഖ്യാനം രചിച്ച ശങ്കരഭഗവദ്പാദരാകാം. ദൈവം മനുഷ്യന്റെ രൂപത്തിൽ അവതരിച്ചാൽ കൃപാലുവിനു തുല്യനാകും. ധർമ്മം ദിവ്യമായ രൂപത്തോടെ മനുഷ്യനായതാണു കൃപാലു എന്നും കരുതാം. കരുണാമൂർത്തിയായ മുത്തുനബിയായും കാരുണ്യശാലിയെ വിഭാവനം ചെയ്യാം. പരമേശന്റെ പവിത്രപുത്രനായ യേശുവും

ആകാം കൃപാലു. വിഭൂതി കൊണ്ട് ജ്വരം ശമിപ്പിക്കുക മുതലായ അദ്ഭുതകൃത്യങ്ങൾ അനുഷ്ഠിച്ച തിരുജ്ഞാനസംബന്ധരും ആകാം ദയാവാൻ. പാട്ടുപാടി വയറ്റുവേദന ശമിപ്പിച്ച അപ്പർ എന്ന സിദ്ധൻ ആയും കൃപാവാനെ സങ്കല്പിക്കാം. അതുമല്ലെങ്കിൽ ശിവനു കേട്ടെഴുതാൻവേണ്ടി തിരുവാചകം ചൊല്ലിക്കൊടുത്ത മാണിക്യവാചകരുമാകാം ഈ അനുകമ്പാശാലി. പരമശിവന്റെ ഭക്തരിൽ അഗ്രഗണ്യനും ഉടലോടെ തിരോധാനം ചെയ്ത ആളും ആകാം കരുണാവാൻ. അതിന്റെ മൂലം ഇങ്ങനെ:

"മരിയാതുടലോടുപോയൊര-
പ്പരമേശന്റെ പരാർദ്ധ്യഭക്തനോ?"

ഇത് ആരെയാണ് സൂചിപ്പിക്കുന്നത്? നന്ദനാരെ സൂചിപ്പിക്കുന്നു എന്നു ഞാൻ 'ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണകൃതിക'ളുടെ വ്യാഖ്യാനത്തിൽ എഴുതി. നന്ദനാർ ഒരു ബ്രാഹ്മണന്റെ വീട്ടിൽ ജോലിക്കു നിന്നിരുന്നു. തനിക്കു ചിദംബരത്തുപോയി പരമശിവദർശനം നടത്താൻ അത്യധികം ആഗ്രഹമുണ്ടെന്നും അതിനനുവദിക്കണമെന്നും കൂടെക്കൂടെ അദ്ദേഹം പറയുമായിരുന്നു. ഇതു കേട്ടുമടുത്ത യജമാനൻ പറഞ്ഞു: "നിനക്ക് പ്രാന്ത് (പിത്തം) ആണ്. നീ മിണ്ടാതെ നിന്നു വേല ചെയ്യ്." അപ്പോൾ നന്ദനാർ: പിത്തം തെളിയ മരുന്തൊൻറിരുക്കിതു പേരിമ്പമൻറുള്ളേ (ഭ്രാന്ത് മാറ്റാനുള്ള മരുന്നു പേരിമ്പം എന്ന ശ്രീകോവിലിൽ ഇരിക്കുന്നു) എന്നു തുടങ്ങുന്ന പാട്ടുപാടി.

ഒരിക്കൽ യജമാനൻ നന്ദനാർക്കു ചിദംബരത്തു പോകാൻ അനുവാദം നൽകി. അദ്ദേഹം ഭക്ത്യാവേശത്തോടെ ചിദംബരത്തെത്തി. താണജാതിക്കാരനായതിനാൽ നന്ദനാർക്കു ക്ഷേത്രപ്രവേശനാനുമതി ബ്രാഹ്മണർ നൽകിയില്ല. അദ്ദേഹം ഉള്ളുരുകി ശിവപ്പെരുമാനെ പ്രാർത്ഥിച്ചു. നന്ദനാരെ അകത്തുകൊണ്ടുപോകണമെന്ന് അശരീരിവാക്യമുണ്ടായി. ക്ഷേത്രാധികാരികൾ പല്ലക്കിൽ കയറ്റി അദ്ദേഹത്തെ ശ്രീകോവിലിലേക്കു കൊണ്ടുവന്നു. അവിടെവച്ചു ശിവലിംഗത്തിൽ ലയിച്ച് അപ്രത്യക്ഷമായി എന്നു കഥ. (അയിത്തം മാറി ശുദ്ധനാവാൻ അഗ്നിയിൽ പ്രവേശിച്ചു എന്നും പിന്നെ അദ്ദേഹത്തെ കണ്ടിട്ടില്ല എന്നും കഥയുണ്ട്.) ഇതു മനസ്സിൽവച്ചാണ് ഞാൻ പരാമർശം നന്ദനാരെക്കുറിച്ചാണെന്ന് എഴുതിയത്.

എന്നാൽ ശ്രീ. നടരാജഗുരുവിന്റെ അഭിപ്രായത്തിൽ ഈ പരാമർശം രാമലിംഗസ്വാമികളെക്കുറിച്ചാണ്. An Integrated Science of the Absolute എന്ന കൃതിയുടെ മൂന്നാം വാല്യത്തിൽ (പുറം 56) ഗുരു എഴുതിയത് തർജ്ജമ ചെയ്യുന്നു: ഏതാണ്ട് നൂറുകൊല്ലംമുമ്പ് തമിഴ്നാട്ടിൽ രാമലിംഗസ്വാമി ജീവിച്ചു. ഭക്തിപരവും ദാർശനികവുമായ തമിഴ്ശൈവപാരമ്പര്യത്തിൽ ആഴത്തിൽ വേരുകളുള്ള യഥാർത്ഥ

യോഗാത്മകൻ (മിസ്റ്റിക്) മാത്രമായിരുന്നില്ല അദ്ദേഹം. ഒരു പ്രായോഗിക മനുഷ്യനും കൂടിയായിരുന്നു. അദ്ദേഹം ഒന്നാമതായി ധാരാളം ആശ്രമങ്ങൾ തുടങ്ങി. അവിടെ അദ്ദേഹം എല്ലാവർക്കും പ്രവേശനമുള്ളതും സൗജന്യവുമായ ഭക്ഷണശാലകൾ തുറന്നു. അവിടെ വിശക്കുന്ന ഏതു ജാതിക്കാർക്കും മതക്കാർക്കും ഭക്ഷണം നൽകി. ബാഹ്യമായ വർഗ്ഗപരമോ മറ്റോ ആയ ഭേദങ്ങൾ ഗണിക്കാതെ അദ്ദേഹം മാനുഷ്യകത്തിനു വേണ്ടി നിലകൊണ്ടു. അദ്ദേഹത്തിന്റെ വീക്ഷണം മാനവികവും സാർവ്വലൗകികവുമായിരുന്നു. തന്റെ അനുയായികളിൽ പതിനായിരക്കണക്കിനുപേരെ അദ്ദേഹം കൂടുതൽ ശുചിത്വത്തോടുകൂടിയതും ആരോഗ്യകരവുമായ ജീവിതരീതി സ്വീകരിക്കുവാൻ പ്രേരിപ്പിച്ചു. അദ്ദേഹം അഹിംസ ഉപദേശിച്ചു. അദ്ദേഹത്തിന്റെ അനുയായികളിൽ വളരെ അധികം പേർ സസ്യാഹാരികൾ ആയിരുന്നു. ഭക്ഷിക്കാൻ വേണ്ടി മൃഗങ്ങളെ കൊല്ലുന്ന ക്രൂരസമ്പ്രദായം അവർ ഉപേക്ഷിച്ചു. അദ്ദേഹത്തിന്റെ അനുയായികളിൽ അധികംപേരും കേവലരും അനഭ്യസ്തവിദ്യരുമായ കർഷകരുമായിരുന്നു. നാരായണഗുരു അദ്ദേഹത്തിന്റെ 'അനുകമ്പാദശക' ത്തിൽ രാമലിംഗസ്വാമിയെ പരാമർശിക്കുന്നു. ഗുരു വിവരിക്കുന്നു: 'പരമശിവന്റെ അതീതമായ മൂല്യത്തോട് ഭക്തിയുള്ളവൻ (പരമേശന്റെ പരാർദ്ധ്യഭക്തൻ). ജീവിച്ചിരിക്കുമ്പോൾത്തന്നെ ശരീരത്തോടെ വിടവാങ്ങിയവൻ. (മരിയാതുടലോടു പോയ). പരമ്പരയായ വിശ്വാസപ്രകാരം രാമലിംഗസ്വാമിയുടെ അവസാനത്തെപ്പറ്റിയുള്ള വിവരണം ഗുരു അദ്ദേഹത്തിന്റെ അന്ത്യത്തെപ്പറ്റി പറഞ്ഞതിനെ പിൻതാങ്ങുന്നു. കൃത്യമായ പ്രായോഗികവാദം ഈ സാധ്യതയെ അംഗീകരിച്ചാലും ഇല്ലെങ്കിലും.'

രാമലിംഗസ്വാമികളുടെ അവസാനകാലത്തെപ്പറ്റി അറിഞ്ഞാലേ നമ്മുടെ ആകാംക്ഷ ശമിക്കൂ. അണ്ണാമലൈ എഴുതിയ The Life and Teachings Of Saint Ramalinga എന്ന പുസ്തകത്തിലെ 22-ാം പേജിൽനിന്ന്. (ഭാരതീയവിദ്യാഭവൻ, ബോംബേ രണ്ടാം പതിപ്പ് 1988). 30.1.1874 (ജനനം 5.10.1823-ലേ) അദ്ദേഹം സിദ്ധിവിലകം എന്ന ആശ്രമത്തിന്റെ മുറിയിൽ പ്രവേശിച്ചു. തന്റെ അനുയായികളോടു വാതിൽ പൂട്ടാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ അവസാനവാക്കുകൾ: "ഗവൺമെണ്ടു വാതിൽ തുറക്കുവാൻ കല്പനയിട്ടാൽ ദൈവത്തിന്റെ അരുൾ എനിക്കൊപ്പമുണ്ടാകും. എന്തായാലും ആരെങ്കിലും എത്തിച്ചുനോക്കിയാൽ ഒന്നും കാണുകയില്ല. അതു ശൂന്യമായിരിക്കും. ഞാൻ വഞ്ചിക്കപ്പെടുകയില്ല." അദ്ദേഹം ഭൗതികശരീരത്തോടുകൂടി ഒരിക്കലും പുറത്തുവന്നില്ല. ശ്രീനാരായണഗുരു തമിഴ്നാട്ടിൽ

ധാരാളം സഞ്ചരിച്ചിട്ടുള്ളതു കൊണ്ടു രാമലിംഗസ്വാമികളപ്പറ്റി ധാരാളം കേട്ടിരിക്കും. അതു കൊണ്ടു നടരാജഗുരു പറയു ന്നതു ശരിയായിരിക്കണം.

മറ്റു വ്യാഖ്യാതാക്കന്മാരുടെ പക്ഷംകൂടി പരിശോധിക്കുന്നതു രസാവഹമായിരിക്കും. സുന്ദര മൂർത്തിനായനാരെയാണു പ്രധാ നമായി പരാമർശിക്കുന്നതെന്നു പ്രൊഫസർ ജി. ബാലകൃഷ്ണൻ നായർ. (ശ്രീനാരായണഗുരു ദേവകൃതികൾ സമ്പൂർണ്ണവ്യാ ഖ്യാനം ഭാഗം 2, പുറം 453–55) സുന്ദരമൂർത്തിനായനാരുടെ ജീവിതത്തെയാണിവിടെ വിശേ ഷിച്ചു പരാമർശിച്ചിരിക്കുന്നത്. അദ്ദേഹം വെള്ളാനപ്പുറത്തു കയറി മാംസാസ്ഥിമയമായ ദേഹ ത്തോടുകൂടിത്തന്നെ സ്വർഗ്ഗത്തു പോയി എന്നാണു പ്രസിദ്ധി. ചേരമാൻപെരുമാളും അദ്ദേഹ ത്തോടൊപ്പം പോയി എന്നും പ്രൊഫസർ പറയുന്നു. തിരു ജ്ഞാനസംബന്ധർ, മാണിക്യവാ ചകർ, ഭക്തനന്ദനാർ, രാമലിംഗ സ്വാമികൾ, ചൈതന്യ മഹാപ്രഭു, വില്വമംഗലം, പൂന്താനം, ധർമ്മപു ത്രർ. ഔവ്വയാർ എന്നിവർ ഉട ലോടെ സ്വർഗ്ഗത്തുപോയവ രിൽപെടും എന്നും പ്രൊഫസർ കുറിച്ചിട്ടുണ്ട്.

സുന്ദരമൂർത്തിനായനാർ എന്നും മുനി നാരായണപ്രസാദ്. മരിക്കാതെ ഉടലോടെ കൈലാസ ത്തിൽ ശിവപാദത്തിൽ എത്തിയ ഭക്താഗ്രേസരനായ സുന്ദര മൂർത്തിനയിനാരാണോ ഈ അനുകമ്പയാണ്ടവൻ. (പുറം382. നാരായണഗുരുവിന്റെ സമ്പൂർണ്ണ കൃതികൾ, നാഷണൽ ബുക് ട്രസ്റ്റ് ഇന്ത്യ, 2005)

വി. ടി ശശീന്ദ്രന്റെ പക്ഷ ത്തിൽ നന്ദനാർ ആണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത് (ഗുരു ധർമ്മം ഒന്നാംപതിപ്പ് 2003 ഡിസംബർ പുറം 820) അതോ പരമേശഭക്തിയുടെ ആധിക്യ ത്തിൽ ശിവവിഗ്രഹത്തിൽത്ത ന്നെ ശരീരത്തോടുകൂടി അലി ഞ്ഞുപോയ ഭക്തിയുടെ ശ്രേഷ്ഠ ഭാവം മൂർത്തിമദ്ഭവിച്ച സിദ്ധനാ ണോ(നന്ദനാരെ സൂചിപ്പിക്കുന്നു) ഈ അനുകമ്പയാണ്ടവൻ?

എം. എച്ച് ശാസ്ത്രികൾ സുന്ദരമൂർത്തിനായനാർ എന്നാണു വ്യാഖ്യാനിക്കുന്നത്. സുന്ദരമൂർത്തിനായനാരെ പരാ മർശിക്കുന്നതാണു മരിയാതെ എന്ന ഭാഗം. അദ്ദേഹം വെള്ളാന പ്പുറത്തുകയറി ഭൗതികശരീര ത്തോടുകൂടി സ്വർഗത്തിലെത്തി എന്നു പറയപ്പെടുന്നു. ശിവപ്രീ തിക്കു പാത്രമായ നായനാർ വെള്ളാനപ്പുറത്തുകയറി സ്വർഗ ത്തിലേക്കു യാത്രയാകുമ്പോൾ ശുശ്രൂഷിച്ചിരുന്ന പെരുമാളും അനുഗമിച്ചു. ഇരുവരും സ്വർഗം പൂകി എന്നാണു പ്രസിദ്ധി. തന്റെ ശിഷ്യനെക്കൂടെ കൂട്ടിക്കൊണ്ടു പോയതുകൊണ്ടാണു പരാർത്ഥ്യ ഭക്തനെന്നു പറഞ്ഞത്. (പുറം 348, ശ്രീനാരായണഗുരുദേവകൃ തികൾ, ഗുരുപ്രസാദം വ്യാഖ്യാനം, ശിവഗിരിമഠം, വർക്ക ല, സിസംബർ 2007)

ഒരു പാഠഭേദത്തെക്കുറിച്ചു ആനുഷംഗികമായി പരാമർശി ക്കേണ്ടിവന്നിരിക്കുന്നു. എന്നി ട്ടാവാം ഉപസംഹാരം. പരാർദ്ധ്യ(ർധ്യ) എന്നും പരാർത്ഥ്യ (ർഥ്യ) എന്നും കാണു ന്നു. ഏതാണു ശരി? (ർധ്യ, ർഥ്യ എന്നിവ ലിപിവിന്യാസഭേദം മാത്രമാണ്). വ്യാഖ്യാനമില്ലാതെ ശിവഗിരിയിൽനിന്നു പ്രസിദ്ധപ്പെ ടുത്തിയ പുസ്തകങ്ങളിലും ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണകൃതികളിലും പരാർദ്ധ്യ എന്നാണ്. പരാർദ്ധ്യ എന്നതിനു ശ്രേഷ്ഠം എന്നു ശബ്ദതാരാവലിയിൽ അർത്ഥം കാണുന്നു. പരാർത്ഥ്യ എന്നൊരു പദം അതിൽ കാണുന്നില്ല. പരാർത്ഥം ഉണ്ട്. പരാർദ്ധ്യ എന്നാണു ഗുരു ഉദ്ദേശിച്ചതെന്നു തോന്നുന്നു. പ്രൊഫസർ ജി. ബാലകൃഷ്ണൻനായർ, എം. എച്ച്. ശാസ്ത്രികൾ, മുനി നാരാ യണപ്രസാദ്, സച്ചിദാനന്ദസ്വാമി എന്നിവർ തയ്യാറാക്കിയ പതിപ്പു കളിൽ പരാർത്ഥ്യ കാണുന്നു. എസ്.എൻ.ഡി.പി യോഗം പതി പ്പിലും അതുതന്നെയാണ്. സുന്ദര മൂർത്തിനായനാർ ചേരമാർ പെരു മാളേയും സ്വർഗത്തിലേക്കു കൊണ്ടുപോയതുകൊണ്ടാണ് പരാർത്ഥ്യ എന്ന വിശേഷണം ചേർത്തതെന്ന് എം. എച്ച് ശാസ്ത്രികൾ പറയുന്നു. അങ്ങ നെയെങ്കിൽ പാഠം പരാർത്ഥ എന്നു വരണം. മാത്രമല്ല സ്വർഗം വൈഷ്ണവമാണ്. പരമേശന്റെ ശ്രേഷ്ഠഭക്തൻ സ്വർഗത്തിൽ പോവുകയില്ല. ശിവസായുജ്യം നേടുകയാണു ചെയ്യുക. ഗുരു, "ഉടലോടെ പോയി" എന്നല്ലാതെ എവിടെ എന്നു പറയാതിരുന്നതു മനപ്പൂർവ്വമായിരിക്കണം. നമ്മൾ പുരാണപരിചയംകൊണ്ടു പദ്യം കേട്ട ഉടനെ സ്വർഗത്തിലേക്കു എന്നു പൂരിപ്പിക്കുന്നു. അതു കൊണ്ട് പരമേശഭക്തനും ശിവ സായുജ്യം നേടിയവനും ആയ നന്ദനാരോ രാമലിംഗസ്വാമികളോ ആകും ഗുരുവിന്റെ വിവക്ഷ. അതിൽത്തന്നെ രാമലിംഗ അടി കൾക്കാണു കൂടുതൽ സാധ്യത. എന്തെന്നാൽ അദ്ദേഹം നമ്മുടെ 'കൺമുമ്പിലാണ്' മറഞ്ഞതെന്നു പറയാം. അത്ര അടുത്ത കാല ത്താണത്.

മീരാഭജൻ

അഷിത



# ഹൃദയചോരൻ

സഖീ, നന്ദന്റെ ധിക്കാരിയായ ആ മകൻ
എന്റെ ഹൃദയം കരസ്ഥമാക്കിയിരിക്കുന്നു.
കദംബവൃക്ഷത്തിന്റെ ഒരു ചില്ലയും പിടിച്ച്
അവൻ മൃദുമന്ദഹാസവുമായി എന്നെ നോക്കുന്നു.
മുട്ടുവരെയുള്ള അവന്റെ പീതാംബരം
രത്നഖചിതമായ അവന്റെ കിരീടം
മീരയുടെ പ്രഭു അനുരാഗചക്രവർത്തിയായ ഗിരിധരനത്രേ!
അവന്റെ മോഹനരൂപം അവളുടെ മനസ്സിനെ തടവിലാക്കിയിരിക്കുന്നു.

അങ്ങയുടെ സൗന്ദര്യം കണ്ടതിനാൽ ഞാൻ വലയിൽപെട്ടുപോയി.
എന്റെ വീട്ടുകാർ വീണ്ടും വീണ്ടും എന്നെ തടയുന്നു.
പക്ഷേ മയിൽപ്പീലിച്ചൂടിയ നർത്തകനോടുള്ള പ്രേമം
ഇപ്പോൾ അഗാധമായിക്കഴിഞ്ഞിരിക്കുന്നു.
ശ്യാമിന്റെ സൗന്ദര്യത്തിൽ എന്റെ മനസ്സ് മുങ്ങിയിരിക്കുന്നു.
ഞാൻ വഴിപിഴച്ചവളെന്ന് ലോകം പറയുന്നു.
ഓരോ ഹൃദയത്തിന്റേയും അന്തരംഗമറിയും
ആ പ്രഭുവിൽ മീര ശരണാഗതിയടയുന്നു.

എന്റെ പ്രഭുവിന്റെ ചെരിഞ്ഞുള്ള നില്പിന് എന്തു ഭംഗി.
എന്റെ കണ്ണുകൾ മന്ത്രവാദത്താലെന്നപോൽ അതിലുടക്കി നിൽക്കുന്നു.
മദനമോഹനരൂപം കാൺകെ
എന്റെ മിഴികൾ നിർന്നിമേഷമായി അമൃതം പാനംചെയ്യുന്നു.
താമരയിതളിന്റെ ചാരുതയോലും ആ പുരികക്കൊടികൾ
ചുരുണ്ട സുഗന്ധമിയലും കുറുനിരകളിൽ ഉടക്കിയതുപോലെ
കൈകൾ ഓടക്കുഴലിനെ പൊതിഞ്ഞ്
ആ ദേഹം അരയ്ക്കുവച്ച് അല്പം ചെരിച്ച്
തലക്കെട്ട് സ്ഥാനം തെറ്റിയും, ഹാരം ഇളകിയാടിയും
നർത്തകനായി വേഷം കെട്ടിയ ഗിരിധരരൂപം
മീരയെ കോൾമയിർ കൊള്ളിക്കുന്നു.

കിഴക്കും പടിഞ്ഞാറും



സ്വാമി സുധി

# ഗുരുവും ശിഷ്യനും



**കേ**രളത്തിലെ ജനങ്ങൾ പ്രത്യേകിച്ചും ജാതിചിന്തയും ഗോത്രചിന്തയും ഒക്കെ വച്ചുപുലർത്തുന്നതുകൊണ്ട് നാരായണഗുരു ശിഷ്യനായ നടരാജഗുരുവിനെ വിളിച്ച് ഇങ്ങനെയുള്ള അന്ധവിശ്വാസങ്ങളൊന്നുമില്ലാത്ത വിദൂരമായ ഏതെങ്കിലുമൊരു സ്ഥലത്തേക്കു പോകണമെന്ന് ഉപദേശിച്ചു. എന്തുകൊണ്ടാണ് കേരളത്തിൽ നടരാജഗുരുവിനു പ്രവർത്തിക്കുവാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കാതെ അന്യനാടുകളിൽപ്പോയി തന്റെ ഉപദേശത്തെ ലോകത്തിനു പഠിപ്പിക്കുവാൻ ഗുരു ഉപദേശിച്ചത്?

ഭാരതത്തിന്റെ മൊത്തത്തിലുള്ള അവസ്ഥയെ അടുത്തറിയാൻ ശ്രമിക്കുമ്പോൾ ഓരോ വ്യക്തിയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ജാതിയുടേയോ മതത്തിന്റേയോ ഗോത്രത്തിന്റോയോ ഒക്കെ സ്വാധീനത്തിനു വശംവദനായി ജീവിക്കുന്നതു കാണാം. ഇതിനു കാരണം ഇവിടത്തെ ഓരോ മനുഷ്യനും ജനിച്ചുവളരുന്ന പശ്ചാത്തലംതന്നെ, തെറ്റായ രീതിയിൽ

സദാചാരത്തിന്റെ മൂടുപടമണി ഞ്ഞിരിക്കുന്നതുകൊണ്ടാണ്.

നാരായണഗുരു ലോകത്തിന്റെ മുന്നിൽ അവതരിപ്പിച്ച ദർശനം വസുധൈവ കുടുംബകം– ലോകം ഒരു കുടുംബമാകുന്നു. ആ കുടുംബത്തിൽ എല്ലാ മനു ഷ്യരും സോദരത്വേന ജീവിക്കു ന്നു. എല്ലാവരും സഹോദരഭാവം വച്ചുപുലർത്തുമ്പോൾമാത്രമേ അവിടെ സമത്വം ഉണ്ടായിരിക്കു കയുള്ളൂ. അതിനായി മനസ്സിൽ അടിഞ്ഞുകൂടി കിടക്കുന്ന ധാര ണകളെ മുഴുവൻ ശുദ്ധീകരിക്ക ണം.

നടരാജഗുരുവിനു കേരള ത്തിൽ തുറന്ന ഒരു സമീപന ത്തോടുകൂടി പ്രവർത്തിക്കുവാൻ കഴിയില്ലെന്നു നാരായണഗുരുവി നറിയാം. ഇവിടത്തെ ജനങ്ങൾ ഏറെ താമസിയാതെ കുരിശിൽ തറച്ചു കൊന്നുകളയുമെന്നറി യാം. നടരാജഗുരുവിന്റെ ശിക്ഷ ണത്തിനു കൂടുതൽ പ്രായോഗി കത കൊണ്ടുവരാൻ പറ്റിയ സ്ഥലം വിദേശരാജ്യങ്ങളാ ണെന്നു നാരായണഗുരു സൂക്ഷ്മ മായി കണ്ടറിഞ്ഞു. നടരാജൻ പാരീസിലെ സൊർബോൺ യൂണിവേഴ്സിറ്റിതന്നെ തന്റെ ഉന്നതപഠനത്തിനായി തെരഞ്ഞെ ടുത്തു. അവിടെവച്ചായിരുന്നു ആഗോളവ്യാപകമായിട്ടുള്ള എല്ലാ താത്പര്യങ്ങളേയും ഒന്നി പ്പിക്കേണ്ട ദൗത്യം നടരാജഗുരു ഏറ്റെടുത്തത്. മനുഷ്യത്വത്തോടെ യുള്ള ഈ സമീപനം അവിടെ വേണ്ടവിധത്തിൽ വേരുറയ്ക്കു കയും ചെയ്തു.

നടരാജഗുരു ഭാഗ്യശാലിയായി രുന്നു. നടരാജഗുരുവിന്റെ അച്ഛൻ ഡോക്ടർ പല്പ്പു നാരായണഗുരു വിൽ പൂർണ്ണവിശ്വാസമുള്ള ആളായിരുന്നു. നടരാജഗുരു ജനി ക്കുന്നതിനുമുമ്പുതന്നെ ഡോ.പ ല്പ്പുവും നാരായണഗുരുവും തമ്മിൽ തികഞ്ഞ പാരസ്പര്യം വളർത്തിയെടുത്തിരുന്നു. കുഞ്ഞായിരിക്കുമ്പോൾതന്നെ നടരാജന്റെ മനസ്സിനെ വേണ്ടവി ധത്തിൽ നയിക്കാനുള്ള ശ്രദ്ധ നാരായണഗുരു പതിപ്പിച്ചിരുന്നു. പഠനകാര്യങ്ങളിൽപോലും എങ്ങനെ മുന്നോട്ടുപോകണ മെന്ന് പടിപടിയായി ഗുരു പറ ഞ്ഞുകൊടുത്തു. അതിനായി ആദ്യം ഭൂമിശാസ്ത്രം പഠിച്ചു. പിന്നെ ജീവശാസ്ത്രം പഠിച്ചു. പിന്നെ സൊർബോണിൽവച്ച് വിദ്യാഭ്യാസത്തിന്റെ മനഃശാ സ്ത്രവും പഠിച്ചെടുത്തു. അങ്ങ നെയുള്ള പഠനത്തിന്റെ ഫലമായി നാരായണഗുരു വിഭാവനം ചെയ്ത ഏകലോകം എങ്ങനെ പ്രാവർത്തികമാക്കണമെന്ന് നട രാജഗുരുവിനു കൂടുതൽ വ്യക്തത കിട്ടി.

ആ കാലഘട്ടത്തിൽ ജീവിച്ചി രുന്ന വിശ്വവിഖ്യാതമായിട്ടുള്ള കവികളും ദാർശനികരുമൊക്കെ യായി നടരാജുഗുരു ബന്ധം സ്ഥാപിച്ചിരുന്നു. ഹെൻട്രി ബർഗ്സൺ നടരാജഗുരുവിന്റെ സമകാലികനായിരുന്നു. അദ്ദേഹ ത്തിന്റെ ചിന്തയും വ്യാഖ്യാനരീ തിയും നടരാജഗുരുവിനെ ഒട്ടേറെ

സ്വാധീനിച്ചു. പാശ്ചാത്യചിന്തകന്മാരിൽ റൂസ്സോയുടെ ചിന്തകളായിരുന്നു നടരാജഗുരുവിനെ ഏറെ ആകർഷിച്ചത്. വിദേശത്തുള്ള ഉന്നതപഠനം കഴിഞ്ഞ് തന്റെ നൂതനഅനുഭവങ്ങളെ സ്വന്തം നാട്ടുകാർക്കു പങ്കുവയ്ക്കുവാനായി ഗുരു ഇന്ത്യയിലേക്കു വന്നു. അക്കാലത്തായിരുന്നു സ്കോട്ടുലന്റുകാരനായ ജോൺ സ്പിയേഴ്സ് ഗുരുവിന്റെ ശിഷ്യനും സഹചാരിയുമായി ത്തീർന്നത്.

ഏകലോകത്തെ സംബന്ധിച്ച ഒരു വിദ്യാഭ്യാസപദ്ധതിതന്നെ നടരാജഗുരുവിന്റെ ഉള്ളിൽ ഉണ്ടായിരുന്നു. 'പരംപൊരുളിന്റെ സമന്വിതദർശനം' എന്ന കൃതിയിൽ മതത്തേയും ശാസ്ത്രത്തേയും കലാസാഹിത്യങ്ങളേയും സാമഞ്ജസ്യത്തോടുകൂടി കോർത്തിണക്കുന്ന വിധം ഗുരു കാണിച്ചുതന്നു. ഏകലോകം ജീവിക്കുന്നതിനുമുമ്പായി അതിനൊരു ഉൾവെളിവുണ്ടായിരിക്കണം. ഏകത്വദർശനം സാക്ഷാത്ക്കരിച്ചാൽമാത്രമേ ബാഹ്യലോകത്തെ ഏകമായി കാണാൻ കഴിയുകയുള്ളൂ. അങ്ങനെയൊരു ദർശനസാഫല്യത്തിലേക്കു നടരാജഗുരുവിനെ നയിച്ചത് നാരായണഗുരുവിന്റെ ദർശനമാലാ എന്ന കൃതിയാണ്. ഈ കൃതിയെ ഉപലബ്ധമാക്കിയായിരുന്നു നടരാജഗുരു ആൻ ഇന്റഗ്രേറ്റഡ് സയൻസ് ഓഫ് ദ അബ്സൊലൂട്ട് എന്ന ഗ്രന്ഥം മൂന്നു വാല്യങ്ങളിലായി എഴുതിത്തീർത്തത്.

പിന്നെ ഏകലോകത്തിനു ഭദ്രമായ ഒരു സാമ്പത്തികശാസ്ത്രം ഉണ്ടായിരിക്കണം. തന്നെപ്പോലെ തൻെറ അയൽക്കാരനേയും എങ്ങനെ സ്നേഹിക്കാമെന്ന ബൈബിൾ സൂക്തത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു ഏകലോകസാമ്പത്തികത.

ഒരിക്കൽ ഡോ.ഗോയൽ കർമ്മത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നടരാജഗുരുവിനോടു പറഞ്ഞപ്പോൾ നടരാജഗുരു ഇങ്ങനെ മറുപടി പറഞ്ഞു: "കർമ്മം ജ്ഞാനത്തിനു വിപരീതമാണ്. ഇരുട്ടും വെളിച്ചവുംപോലുള്ള വൈരുദ്ധ്യം അതിലുണ്ട്. ചിത്തശുദ്ധിക്കു കർമ്മം ഉപകരിക്കും. കർമ്മം ചെയ്യണമെന്ന് എല്ലാവരും പറഞ്ഞുനടക്കുന്നുണ്ട്. ഇപ്പോൾ പഞ്ചവത്സരപദ്ധതിയുടെ കാലമാണ്. സന്ന്യാസിമാരേയും വെറുതെ വിടുന്ന ലക്ഷണമില്ല. അവരേയും പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തി റോഡ് വെട്ടിക്കുവാനും കുളം കുഴിക്കുവാനും സർക്കാർ ഒരുങ്ങുന്നു. കുളംകുഴിക്കുന്നത് ചീത്ത കാര്യമല്ല. പക്ഷേ ശമ്പളമില്ലാതെ ജോലിചെയ്താൽ എന്താണ് സംഭവിക്കുന്നത്? സർക്കാരിന് കുറേ പണം മിച്ചംവയ്ക്കാം. ആ പണംകൊണ്ട് എന്തു നല്ലകാര്യമാണ് ചെയ്യുന്നതെന്നറിയാമോ? യുദ്ധസാമഗ്രികൾ വാങ്ങും. അങ്ങനെ കൃപാലുവായ ഒരു സന്ന്യാസിയുടെ അദ്ധ്വാനംകൊണ്ട് ലഭിച്ച പണം ആറ്റംബോബുണ്ടാക്കുന്നവർക്ക് സഹായക

മായിത്തീരും. ഇങ്ങനെ കർമ്മം ചെന്നവസാനിക്കുന്നത് കൂട്ടക്കൊലയിലായിരിക്കും.''

ഡോ. ഗോയലുമായി നടത്തിയ ഈ സംവാദം കേട്ടുകൊണ്ടിരുന്ന ഒരു പ്രമുഖൻ അപ്പോൾ ഇടയിൽക്കയറി പറഞ്ഞു: ''ഇത് അങ്ങേയ്ക്ക് നല്ല നിശ്ചയമില്ലാത്ത ഒരു വിഷയമാണ്. രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയെപ്പറ്റി പഠിച്ച ധനതത്ത്വശാസ്ത്രജ്ഞന്മാർ നൽകുന്ന ഈ പരിഷ്ക്കാരങ്ങളെപ്പറ്റി പഠിക്കുവാൻ സന്ന്യാസിമാർക്കു സമയമെവിടെ?'' അപ്പോൾ ഗുരു അയാളോടു പറഞ്ഞു: ''ഏതു സാമ്പത്തികശാസ്ത്രത്തെപ്പറ്റിയുള്ള അജ്ഞതയെപ്പറ്റിയാണ് നിങ്ങൾ പറയുന്നത്? ആഡം സ്മിത്തിന്റെ വെൽത്ത് ഓഫ് നേഷൻസിനെക്കുറിച്ചോ? മാർക്സിന്റെ ദസ് ക്യാപിറ്റലിനെക്കുറിച്ചോ? എന്താണ് വെൽത്ത് ഓഫ് നേഷൻസിന്റെ അർത്ഥം? ഞാൻ പുസ്തകം വായിക്കാത്തവനാണെന്നുമാത്രം ദയവായി പറയരുത്. പുസ്തകം വായിക്കാതെയല്ല എം.എയും എൽ.റ്റിയും ഡി. ലിറ്റും പാസ്സായത്. ലോകസർക്കാരിനാവശ്യമായ ഒരു ധനതത്ത്വശാസ്ത്രം ഞാൻ എഴുതിത്തീർത്തിട്ട് ഏതാനും മാസങ്ങളേ ആയുള്ളൂ.''

സാമ്പത്തികശാസ്ത്രത്തിൽ ഗുരുവിനുണ്ടായിരുന്ന നിശ്ചയം ഔപനിഷദമായ അന്വേഷണത്തിലൂടെ ഉരുത്തിരിഞ്ഞുവന്നതാണ്. ഈശാവാസ്യോപനിഷത്ത് തുടങ്ങുന്നത് പ്രകൃതിയിലെ ഈ സമ്പത്തു മുഴുവൻ ആരുടേതാണെന്ന് ചോദിച്ചുകൊണ്ടാണ്. സമ്പത്ത് ഒരു വ്യക്തിയുടേയോ



രാഷ്ട്രത്തിന്റേയോ പാർട്ടിയുടേയോ മതത്തിന്റേയോ ഒന്നുമല്ല. സമ്പത്തിന്റെ ഉടയവനായിരിക്കുന്നത് ഈശ്വരനാണ്. സമ്പത്ത് കൈകാര്യം ചെയ്യുന്നവൻ എപ്പോഴും ഓർമ്മിക്കേണ്ട സംഗതിയാണിത്. തോന്നിയതുപോലെ എടുത്ത് കൈകാര്യം ചെയ്യാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ഈശ്വരൻ എല്ലായിടത്തും സന്നി

ധാനം ചെയ്യുന്നുണ്ട്. ഈ അറിവ് മനുഷ്യനിൽ നിറയുമ്പോൾ അവൻ അപരനെക്കുറിച്ചും ചിന്തിക്കും. അപരന്റെ ക്ഷേമത്തെക്കുറിച്ച് സ്വാഭാവികമായി ഒരുവനിൽ ഉണ്ടാകുന്ന അന്വേഷണമായിരിക്കണം ജീവിതത്തിന്റെ അടിസ്ഥാനപരമായ മൂല്യബോധം.

ഏകലോകസാമ്പത്തികശാസ്ത്രത്തിലേക്ക് എന്ന ഒരു ഗ്രന്ഥംതന്നെ ഗുരു ഇക്കാര്യം പറയുവാനായി എഴുതി. നമുക്കിവിടെ ഒന്നായി പണിയെടുത്ത് ഉണ്ണാനുള്ള വിഭവങ്ങൾ ധാരാളമുണ്ട്. പക്ഷേ ആ വിഭവങ്ങൾ വേറെ ആർക്കും കൊടുക്കാതെ പിടുങ്ങിവച്ചിരിക്കുന്ന വ്യക്തികൾ ഇന്ന് ഏറെ ആദരണീയരായിത്തീരുമ്പോൾ സാമ്പത്തികശാസ്ത്രത്തിലെ ദൈവവിചാരം മനുഷ്യനിൽനിന്നും മരിച്ചുപോയിരിക്കുന്നു എന്നു പറയേണ്ടിവരും. കാറൽമാക്സും ആഡം സ്മിത്തും കെയിൻസുമെല്ലാം കാണാതെ പോയ പ്രതലങ്ങളിലേക്ക് നടരാജഗുരു വെളിച്ചം വീശുന്നുണ്ട്. കേരളത്തിൽ മാത്രമല്ല, ആഗോളമായും നടരാജഗുരുവിന്റെ വീക്ഷണങ്ങളും വിചാരങ്ങളും വേണ്ടുംവണ്ണം പഠനവിധേയമാക്കേണ്ടതുണ്ട്, ഒരു ഗുരുവിന്റെ തത്ത്വപ്രകാശനംതന്നെ ശിഷ്യന്മാർ ഫലപ്രദമായ രീതിയിൽ പ്രയോഗത്തിൽ കൊണ്ടുവന്നില്ലെങ്കിൽ അവയെല്ലാം ജഡീഭൂതമായിത്തീരുകയേയുള്ളൂ. നൂറ്റാണ്ടുകളോളം ഉപനിഷത്തിന്റെ സ്പർശം മനുഷ്യഹൃദയത്തിൽ എത്തിച്ചേരാതിരുന്ന ദുര്യോഗം നമുക്കറിയാവുന്നതാണല്ലോ. നടരാജഗുരുവിന്റെ ഈ മഹാസമാധിക്ക് ഇങ്ങനെയൊക്കെ സ്മരിക്കാൻ തോന്നുന്നു.

മാർച്ച് 19 വരുമ്പോൾ നടരാജഗുരുവിന്റെ മഹാസമാധിസ്മരണകൾ എന്നിൽ സജീവമാകും. 1973 ലായിരുന്നു നടരാജുഗുരു മഹാസമാധി വരിച്ചത്. സ്വാമി ചിദംബരതീർത്ഥ എഴുതിയ ഗുരുവും വചനവും എന്ന പുസ്കതത്തിന്റെ അന്ത്യഭാഗത്ത് മഹാസമാധിയുടെ ജീവസ്സുറ്റ ഒരു വിവരണം എഴുതിയതു വായിച്ചു.... "പഴച്ചാറു കൊടുക്കുമ്പോൾ വലതുകൈ എടുത്ത് തടുത്തുതുടങ്ങി. ഗുരുവിന്റെ തടിച്ച ശരീരം മെലിഞ്ഞുമെലിഞ്ഞു എല്ലിൻകൂടായിത്തീർന്നു. അതേസമയം മുഖത്തെ കാന്തി വർദ്ധിച്ചു കൊണ്ടുമിരുന്നു. എല്ലാ ദിവസവും ഡോക്ടർ വന്ന് ഗുരുവിന്റെ നാഡിമിടിപ്പും മറ്റും പരിശോധിക്കുമായിരുന്നു. ശ്വാസോച്ഛ്വാസം വളരെ മന്ദഗതിയിലും മൃദുവുമായിരുന്നു. രാവിലെ പത്തുമണിയോടെ ശ്വാസഗതി വളരെ സാവധാനമായി. ഡോക്ടർക്കും സമീപത്തുണ്ടായിരുന്ന ഞങ്ങൾക്കും ആർക്കും തന്നെ എപ്പോഴാണ് ഗുരുവിന്റെ ശ്വാസോച്ഛ്വാസം നിലച്ചതെന്ന് കൃത്യമായി പറയാൻ കഴിയാത്ത്ര മന്ദംമന്ദമായിരുന്നു ആ മഹാവിലയനം. 1973 മാർച്ച് 19-ാം തീയതി തിങ്കളാഴ്ച പകൽ പതിനൊന്നുമണിയോടെ ആ ആത്മജ്യോതിസ്സ് പരംജ്യോതിസ്സിൽ മൃദുവായ് മൃദുവായ് അമർന്നു."

## നടരാജഗുരു



വരച്ചത് രമണൻ ഒ.ടി.

നിമ്യ സലിംകുമാർ



# മുത്തുസ്വാമിദീക്ഷിതർ



തഞ്ചാവൂർജില്ലയിലെ തിരുവാരൂരിൽ 1775 ലാണ് മുത്തുസ്വാമി ദീക്ഷിതർ ജനിച്ചത്. സംഗീതപാരമ്പര്യമുള്ള ഒരു കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ പിതാവ് രാമസ്വാമി ദീക്ഷിതർ അക്കാലത്തെ പ്രശസ്തനായ സംഗീതജ്ഞനായിരുന്നു. മുത്തുസ്വാമിദീക്ഷിതരുടെ സഹോദരന്മാരായ ചിന്നസ്വാമി ദീക്ഷിതർ, ബാലസ്വാമി ദീക്ഷിതർ എന്നിവരും സംഗീതത്തിൽ നൈപുണ്യമുള്ളവരായിരുന്നു.

സംസ്കൃതം, ശാസ്ത്രം, വ്യാകരണം എന്നിവയിലെല്ലാം അദ്ദേഹത്തിന് അസാമാന്യപാണ്ഡിത്യമുണ്ടായിരുന്നു. ചിദംബരനാദയോഗി എന്ന സന്യാസിയുടെ നിർദ്ദേശമനുസരിച്ച് ദീക്ഷിതർ ഏകദേശം അഞ്ചുവർഷക്കാലം ബനാറസിൽ ചിലവഴിച്ചു. ഇവിടെവച്ചാണ് ഹിന്ദുസ്ഥാനി സംഗീതത്തിൽ അദ്ദേഹത്തിന് താത്പര്യം ജനിക്കുന്നത്. 'ദ്രുപദ്' ശൈലിയാണ് അദ്ദേഹത്തെ കൂടുതൽ സ്വാധീനിച്ചത്. പിൽക്കാലത്ത് നിരവധി കീർത്തനങ്ങൾ

ഈ ശൈലിയിൽ അദ്ദേഹം രചിക്കുകയുണ്ടായി.

ബനാറസിലെ ജീവിതത്തിനുശേഷം ദീക്ഷിതർ തിരുത്തണി എന്ന സ്ഥലത്തെ ഒരു സുബ്രഹ്മണ്യക്ഷേത്രത്തിൽ ഭജനമിരിക്കുകയും തന്റെ ആദ്യ കൃതിയായ 'ശ്രീ നാഥാദി ഗുരുഗുഹോ ജയതി' എന്ന മായാമാളവഗൗളാരാഗത്തിലുള്ള കീർത്തനം അവിടെ വച്ച് രചിക്കുകയും ചെയ്തുവെന്ന് വിശ്വസിച്ചു വരുന്നു. ആ ക്ഷേത്രത്തിൽവച്ച് അദ്ദേഹത്തിന് സുബ്രഹ്മണ്യസ്വാമികളുടെ ദർശനമുണ്ടായി എന്നാണ് ഐതിഹ്യം. അദ്ദേഹത്തിന്റെ കൃതികളിലെല്ലാം 'ഗുരുഗുഹ' എന്ന മുദ്ര കാണാം.

തിരുത്തണിയിൽനിന്നും കാഞ്ചീപുരത്തെത്തിയ അദ്ദേഹം ഏകാമ്രനാഥം, നീരജാക്ഷി കാമാക്ഷി, കഞ്ജദളായദാക്ഷി, വരലക്ഷ്മി എന്നീ കൃതികൾ അവിടെവച്ച് രചിക്കുകയുണ്ടായി. ക്രമേണ മുത്തുസ്വാമിദീക്ഷിതർ എന്ന സംഗീതജ്ഞൻ ലോകപ്രശസ്തനായിത്തീർന്നു. ദീക്ഷിതരുടെ സഹോദരന്മാർ അവരുടെ സംഗീതക്കച്ചേരികളിൽ അദ്ദേഹത്തിന്റെ കൃതികൾ പാടുകയും അവയ്ക്ക് പ്രചാരമുണ്ടാക്കുകയും ചെയ്തു.

ദീക്ഷിതൻ വിദഗ്ധനായ ഒരു വൈണികൻകൂടിയായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ വീണാവായനയ്ക്ക് ഉപയോഗിക്കുന്ന ഗമകങ്ങൾ ഉള്ളതായി കാണാം. ഭജന ചെയ്യുന്ന അവസരങ്ങളിൽ അദ്ദേഹം പുതിയ പുതിയ കീർത്തനങ്ങൾ രചിച്ചു



പാടുക പതിവായിരുന്നു. വിവിധങ്ങളായ താളങ്ങളിൽ അദ്ദേഹം കൃതികൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ ഭൂരിഭാഗവും വളരെ പതിഞ്ഞ കാലത്തിലുള്ളതാണ്. കൃതികളിലെ സാഹിത്യഭംഗി അതുല്യമാണ്. യതിമാതൃകകൾ, അന്ത്യപ്രാസം, യമകങ്ങൾ, സമഷ്ടിചരണം, സ്വരാക്ഷരപ്രയോഗം, മധ്യമാകലസാഹിത്യം തുടങ്ങിയ അലങ്കാരവിശേഷങ്ങളെല്ലാം അവയിൽ കാണാം.

ആനന്ദഭൈരവിയിലുള്ള ത്യാഗരാജയോഗവൈഭവം എന്ന കൃതിയിൽ ഗോപുച്ഛയതി വളരെ മനോഹരമായി ഉപയോഗിച്ചിരിക്കുന്നതു കാണാം.

ത്യാഗരാജയോഗവൈഭവം
അഗരാജയോഗവൈഭവം
രാജയോഗവൈഭവം
യോഗവൈഭവം
വൈഭവം
ഭവം
വം

ഇതേ കൃതിയുടെ അനുപല്ലവിയിൽ ശിവശക്ത്യാദി സകലതത്ത്വസ്വരൂപപ്രകാശം എന്ന വരിയിൽ ശ്രോതോവഹയതി കാണാം.

ശം
പ്രകാശം
സ്വരൂപപ്രകാശം
തത്വസ്വരൂപപ്രകാശം
സകലതത്വസ്വരൂപപ്രകാശം
ശിവശക്ത്യാദി സകലതത്വസ്വരൂ
-പപ്രകാശം

അദ്ദേഹത്തിന്റെ കൃതികളിൽ രാഗമുദ്ര, സ്ഥലമുദ്ര, ലിംഗമുദ്ര എന്നിവ കാണാം. അനേകം സമുദായകൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

1 പഞ്ചലിംഗസ്ഥലകൃതികൾ
2 നവഗ്രഹകൃതികൾ
3 കമലാംബാ നവാവരണകൃതികൾ
4 അഭയാംബാ നവാവരണകൃതികൾ
5 ഷോഡശഗണപതികൃതികൾ

അദ്ദേഹം സന്ദർശിച്ച എല്ലാ ക്ഷേത്രങ്ങളിലേയും ദേവതകളെക്കുറിച്ച് കീർത്തനങ്ങൾ രചിച്ചിട്ടുണ്ട്. തോഡി രാഗത്തിലുള്ള 'ശ്രീകൃഷ്ണഭജമാനസ' എന്ന ആദിതാളകീർത്തനം ഗുരുവായൂർ ക്ഷേത്രദർശനത്തിനുശേഷം രചിക്കപ്പെട്ടിട്ടുള്ളതാണെന്ന് വിശ്വസിച്ചുവരുന്നു. അതുപോലെ വസന്തരാഗത്തിലുള്ള 'ഹരിഹരപുത്രം' ശബരിമല ധർമ്മശാസ്താവിനെ സ്തുതിച്ചുകൊണ്ടുള്ളതാണെന്നു പറഞ്ഞുവരുന്നു.



പാശ്ചാത്യസംഗീതത്തിലും അദ്ദേഹത്തിന് വലിയ താത്പര്യം ഉണ്ടായിരുന്നു. സംസ്കൃതരാഗങ്ങളും സാഹിത്യമില്ലാതെ വെറും സ്വരം മാത്രം അടങ്ങിയ സംഗീതവും രചിച്ചിട്ടുണ്ട്. ബൃന്ദാവനസാരംഗ, ദ്വിജാവന്തി, യമുനാകല്യാണി തുടങ്ങിയ ഹിന്ദുസ്ഥാനി രാഗങ്ങളിൽ അദ്ദേഹം

രചനകൾ നടത്തി. ഏകദേശം അഞ്ഞൂറിൽപ്പരം കീർത്തനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും പാടാൻ പ്രയാസമുള്ളതിനാലും കടുത്ത സംസ്കൃതഭാഷാപ്രയോഗത്താലും അവയ്ക്ക് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.

വിഖാദിരാഗങ്ങളിൽ അദ്ദേഹം കൃതികൾ രചിച്ചിട്ടുണ്ട്. വരാളരാഗത്തിലുള്ള ശേഷാചലനനായകം ഇതിനുദാഹരണമാണ്. ശ്രോതാക്കളിൽ ശാന്തരസം ഉളവാക്കാൻ കഴിയുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ.

സ്വാതിതിരുനാളിന്റെ സംഗീതസദസ്സിലെ പൊന്നയ്യ, വടിവേലു, ശിവാനന്ദം എന്നിവർ ദീക്ഷിതരുടെ ശിഷ്യരായിരുന്നു. തേവൂർ സുബ്രഹ്മണ്യഅയ്യർ, ശുദ്ധമദ്ദളം തമ്പിയപ്പ, തിരുക്കടയൂർ ഭാരതി എന്നിവരും അദ്ദേഹത്തിന്റെ പ്രശസ്തശിഷ്യന്മാരായിരുന്നു.

തികഞ്ഞ ദേവീഭക്തനായിരുന്ന അദ്ദേഹത്തിന്റെ അവസാന കൃതി പൂർവ്വികല്യാണി രാഗത്തിലുള്ള മീനാഭിമേമുദം ആണ്. 1835 ൽ അദ്ദേഹം ദിവംഗതനായി.

## പ്രശസ്തകൃതികൾ

1 വാതാപി ഗണപതിം – ഹംസധ്വനി – ആദിതാളം
2 അക്ഷയലിംഗവിഭോ – ശങ്കരാഭരണം – മിശ്രചാപ്പ്
3 നീരജാക്ഷി കാമാക്ഷി – ഹിന്ദോളം – രൂപകം
4 ബാലഗോപാല – ഭൈരവി – ആദി
5 ചേതശ്രീ – ദ്വിജാവന്ദി
6 മാമവമീനാക്ഷി – വരാളി – മിശ്രചാപ്പ്
7 അഖിലാണ്ഡേശ്വരി – ദ്വിജാവതി – ആദി

നാദം കടന്നു നടുവേ വിലസുന്ന നിന്മെയ്
ചേതസ്സിലായ് വരിക ജന്മമറുന്നതിന്നായ്
ബോധം കളഞ്ഞു പുറമേ ചുഴലും ചെവിക്കൊ-
രാതങ്കമില്ല, ടിയനുണ്ടിതു തീർക്ക ശംഭോ!

# സെൻ സ്പന്ദം

## ഒരുകപ്പു ചായ

നാൻ-ഇൻ ഒരു സെൻഗുരുവായിരുന്നു. സെൻ ധ്യാനനിരതവും ആനുഭൂതികവുമായ ജീവിതമാണ്. ഒരിക്കൽ നാൻ-ഇൻഗുരുവിനെ കാണാൻ പണ്ഡിതനായ ഒരു അദ്ധ്യാപകൻ വന്നു.

നാൻ-ഇൻ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി. പണ്ഡിതനായ സന്ദർശകനു കൊടുക്കാനായി ഒരു കപ്പിലേക്ക് ചായ പകർന്നു.



കപ്പുനിറഞ്ഞ് വഴിഞ്ഞുപോകാൻ തുടങ്ങി. പണ്ഡിതന് ഇതു കണ്ടപ്പോൾ അസ്വാസ്ഥ്യമായി. അദ്ദേഹം വിചാരിച്ചു: ഇദ്ദേഹം ഒരു ഗുരുവായിരുന്നിട്ടും എത്ര അശ്രദ്ധമായാണ് ഈ ചെറിയ കാര്യം പോലും കൈകാര്യം ചെയ്യുന്നത്. പണ്ഡിതന് സ്വയം നിയന്ത്രിക്കാൻ കഴിയാതായപ്പോൾ നാൻ-ഇന്നിനോട് ഉറക്കെ പറഞ്ഞു: "കപ്പ് നിറഞ്ഞുതൂവുകയാണ്. ഇനിയൊരു ഇറ്റുപോലും അതിൽ കൊള്ളുകയില്ല."

നാൻ-ഇൻ പണ്ഡിതനെ നോക്കി പ്രസന്നമായി പറഞ്ഞു: "നിറഞ്ഞുവഴിയുന്ന ഈ കപ്പുപോലെയാണ് താങ്കളും. മുൻധാരണകൾക്കൊണ്ടും അഭിപ്രായങ്ങൾക്കൊണ്ടും നിഗമനങ്ങൾക്കൊണ്ടും താങ്കളുടെ മനസ്സും ഇതേപോലെ നിറഞ്ഞൊഴുകുകയാണ്. താങ്കളുടെ കപ്പ് കാലിയാക്കാതെ ഞാൻ എങ്ങനെയാണ് ധ്യാനത്തിന്റെ ചായ അതിലേക്ക് പകരുക?"

പണ്ഡിതൻ നൊടിയിടയിൽ ബോധപൂർണ്ണനായി.

ഗുരു പൂർണ്ണപ്രജ്ഞനാണ്. ആ പ്രജ്ഞാനം ബുദ്ധിപരമായ പ്രകാശനമല്ല. അനാദിയായ ബോധത്തിന്റെ സ്വയംപ്രഭയാണത്. ഒരു ഗുരുവിന്റെ സ്വാഭാവികമായ നില പ്രജ്ഞാനത്താൽ നിറഞ്ഞിരിക്കുകയാണ്. ഇരുട്ടിന്റെ ലവലേശം ഏൽക്കാത്ത അവബോധമാണത്. അഹംകാരത്തിന്റെ നേരിയ പ്രസ്ഫുരണംപോലും ആ പ്രജ്ഞയിൽ കാണുകയില്ല. അത്തരം ഒരു പ്രജ്ഞയിൽ ഒരു ഗുരു ശിശുസഹജമായ ക്രിയാത്മകതയ്ക്ക് ഉടമയാണ്.

നാൻ-ഇൻ എന്ന പ്രജ്ഞാപൂർണ്ണനായ ഗുരുവിനെ സമീപിക്കേണ്ടുന്നത് വിനയത്തോടെയും എളിമയോടെയുമായിരിക്കണം. ഔദ്ധത്യമുള്ളപ്പോൾ ഗുരുവിന് ശിഷ്യനിലേക്ക് പ്രവേശിക്കുവാൻ അമാന്തമുണ്ടാകുന്നു. ശിഷ്യന്റെ മുൻധാരണകളാണ് പലപ്പോഴും ശിഷ്യനെ ഉദ്ധതനാക്കുന്നത്. താൻ മനസ്സിലാക്കിയിട്ടുള്ളതെല്ലാം ശരിയാണെന്ന ധാരണ ആപൽക്കരമായ ഒരു ആവരണമായി ശിഷ്യനെ പൊതിഞ്ഞുനിൽക്കും. തന്റെ വായനയും പഠനവും അന്വേഷണവുമെല്ലാം ഗുരുവുമായി മാറ്റുരയ്ക്കുക എന്ന ലക്ഷ്യമായിരിക്കരുത് ശിഷ്യന്റേത്.

തന്റെ അഭിപ്രായങ്ങൾക്കും വിശ്വാസങ്ങൾക്കും ഒത്താശ ചെയ്തുതരുന്ന ഗുരുക്കന്മാരെ പലർക്കും സ്വീകാര്യമായിത്തീരാറുണ്ട്. അങ്ങനെ സ്വീകൃതരായ ഗുരുക്കന്മാരുടെ ചുറ്റും ജനസഞ്ചയങ്ങൾ കാണാം. അവിടെ ഗുരു മൂഢമായ ഒരു വിഗ്രഹം പോലെയാണ്.

എന്നാൽ നാൻ-ഇന്നിനെ ആ ഗണത്തിൽപ്പെടുത്താൻ കഴിയുകയില്ല. സത്യസന്ധമായി അദ്ദേഹം എല്ലാം തുറന്നുപറയും. ധനമോഹമോ അഹംകാരമോ പ്രശസ്തിയോ ഒന്നും നാൻ-ഇൻ പ്രതീക്ഷിക്കുന്നില്ല.

അതുകൊണ്ട് ആഗതനായ പണ്ഡിതന് ചായ പകർന്നുകൊടുത്തുകൊണ്ടാണ് ആ ശിക്ഷണപ്രക്രിയ തുടങ്ങുന്നത്. സെൻഗുരുക്കന്മാർ ആരേയും പുസ്തകങ്ങൾവച്ച് ഒന്നും പഠിപ്പിക്കാറില്ല. അപ്പപ്പോൾ സംജാതമാകുന്ന സാഹചര്യങ്ങളിലൂടെ അവർ സെന്നിന്റെ ശാശ്വതമായ രഹസ്യം കൈമാറുന്നു.

നാൻ-ഇൻ ബോധപൂർവ്വമാണ് ചായക്കപ്പ് നിറഞ്ഞുതൂവുന്നതുവരെ ചായ ഒഴിച്ചത്. ഒരു തിരിച്ചറിവിലേക്ക് സന്ദർശകനെ കൊണ്ടുപോകണമെങ്കിൽ സന്ദർശകന്റെ പങ്കാളിത്തംകൂടി ആ സന്ദർഭത്തിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. അതുകൊണ്ട് ചായ നിറഞ്ഞുപോകുന്നു എന്ന് പണ്ഡിതൻ അസ്വാസ്ഥ്യത്തോടെ പറയുന്നതുവരെ കാത്തുനിന്നു.

എന്നാൽ നാൻ-ഇൻ അതൊരു അബദ്ധമായി കരുതാതെ കപ്പും ഫ്ളാസ്ക്കും താഴെവച്ച് പുഞ്ചിരിച്ചുകൊണ്ടാണ് മറുപടി പറഞ്ഞത്. ഗുരുവിന്റെ പുഞ്ചിരിക്കുന്ന മുഖം നിഷ്ക്കളങ്കമായ പ്രതലത്തിൽനിന്നേ സംഭവിക്കുകയുള്ളൂ. നാൻ-ഇൻ വെളിപ്പെടുത്താൻ പോകുന്ന ജ്ഞാനോദ്ദീപകമായ വാക്കുകൾ പ്രതിഷേധമില്ലാതെ പണ്ഡിതനിൽ പ്രവേശിക്കണം. പാരുഷ്യത്തോടെ പറഞ്ഞാൽ അത് പണ്ഡിതനിൽ ശത്രുതയെ വളർത്തും. ഗുരുവിന്റെ മന്ദസ്മിതത്തിൽ ഉതിർന്ന വാക്കുകളാണ് പണ്ഡിതനിൽ ബോധോദയം ഉണ്ടാക്കിയത്.



ബാലവേദാന്ത

# സ്വർണ്ണക്കീരി



**അ**ശ്വമേധയജ്ഞം വളരെ മനോഹരമായി പര്യവസാനിപ്പിച്ചശേഷം സന്തുഷ്ടരായിരിക്കുന്ന പാണ്ഡവരുടേയും ബ്രാഹ്മണരുടേയും മുമ്പിൽ പകുതി ഉടലും തലയും സ്വർണ്ണനിറമായ ഒരു കീരി കടന്നുവന്നു. ഇങ്ങനെയൊരു കീരിയെക്കണ്ട് അത്ഭുതസ്തബ്ധരായിനിന്ന പാണ്ഡവരോടും ബ്രാഹ്മണരോടുമായി ഒരു മനുഷ്യനെപ്പോലെ കീരി പറഞ്ഞു: അശ്വമേധ യാഗം മഹാകേമമായി എന്നൊന്നും നിങ്ങൾ കരുതേണ്ട. ഇടങ്ങഴി സക്തുമാവിന്റെ (യവപ്പൊടി) വിലയില്ല ഈ യാഗത്തിന്.
കീരിയുടെ വാക്കുകേട്ട് അവർ അത്ഭുതപ്പെട്ടു. എന്താണ് ഇങ്ങനെ പറയുന്നത് എന്നു ചോദിച്ചപ്പോൾ കീരി പറഞ്ഞു:

കുരുക്ഷേത്രത്തിൽ ഉഞ്ഛവൃത്തിയിൽ ജീവിച്ചിരുന്ന ബ്രാഹ്മണകുടുംബം ഉണ്ടായിരുന്നു. (കൊയ്ത്തുകഴിഞ്ഞ പാടത്തിൽ പൊഴിഞ്ഞുവീണ ധാന്യം പെറുക്കിയെടുത്തു ജീവിക്കുന്നതാണ് ഉഞ്ഛവൃത്തി.) അതും ആറുനാൾ കൂടുമ്പോൾ ഒരിക്കൽ മാത്രം. മഹാതപസ്വിയായ ആ ബ്രാഹ്മണകുടുംബം ഇതുകൊണ്ടു തൃപ്തരായിരുന്നു. ഇങ്ങനെയിരിക്കെ നാട്ടിൽ മഴയില്ലാതെ ക്ഷാമം ബാധിച്ചു. എങ്ങുനിന്നും

ധാന്യം ലഭിക്കാതെയായി. മഹാപട്ടിണിയിലായ ബ്രാഹ്മണകുടുംബം ഇതോടെ മരണത്തോടടുത്തു.

ഇങ്ങനെയിരിക്കെ ഒരിക്കൽ ഉഞ്ഛവൃത്തിയാൽ അല്പം യവം കിട്ടി. അതു വറുത്തു പൊടിച്ച് നാലായി വീതിച്ച് അവർ ഭക്ഷണം കഴിക്കാനായി ഇരുന്നു. അപ്പോൾ അവിടേക്ക് വിശന്നുവലഞ്ഞ ഒരു അതിഥി വന്നുചേർന്നു. അതിഥിപൂജ പോലെ ഉന്നതമായ ഒരു ധർമ്മം ഗൃഹസ്ഥനില്ലല്ലോ. അതിനാൽ വന്ന അതിഥിയെ ആദരിച്ച് പാദം കഴുകി തന്റെ വീതമായ ധാന്യപ്പൊടി അദ്ദേഹത്തിനു ഭക്ഷിക്കാനായി കൊടുത്തു. പക്ഷേ വിശന്നുവലഞ്ഞ ആ അതിഥിക്ക് അതു കഴിച്ചപ്പോൾ വിശപ്പ ശേഷം ശമിച്ചതായി തോന്നിയില്ല. ഇതു കണ്ട് ബ്രാഹ്മണൻ വളരെ വ്യസനിച്ചു. അപ്പോൾ ബ്രാഹ്മണന്റെ സഹധർമ്മിണി തന്റെ പങ്ക് സക്തുമാവ് അതിഥിക്കു ഭക്ഷിക്കാനായി ഭർത്താവിനെ ഏല്പ്പിച്ചു. എല്ലും തൊലിയും മാത്രമായ ധർമ്മപത്നിയുടെ ഭാഗം അപഹരിക്കാൻ വിഷമം തോന്നിയെങ്കിലും ആ സ്ത്രീയുടെ നിർബന്ധവും അതിഥിധർമ്മവും അതു വാങ്ങി അതുകൊടുക്കാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി.

ഇത്രയുമായിട്ടും അതിഥിയുടെ വിശപ്പു മാറുന്ന ലക്ഷണമില്ല. അപ്പോൾ ആ ബ്രാഹ്മണപുത്രനും പുത്രഭാര്യയും അവരുടെ ഭക്ഷണങ്ങൾക്കൂടി ആ അതിഥിക്കു നൽകി. തങ്ങൾ വിശപ്പുകൊണ്ട് മരണത്തോടടുത്തെങ്കിലും അതിഥിയെ തൃപ്തനായിക്കണ്ടതിൽ സന്തുഷ്ടരായ ആ കുടുംബത്തിന്റെ മുമ്പിൽ ആ അതിഥി തന്റെ സ്വന്തം സ്വരൂപം പ്രദർശിപ്പിച്ചു നിന്നു. എന്നിട്ട് ബ്രാഹ്മണകുടുംബത്തോടു പറഞ്ഞു:

"ഞാൻ ധർമ്മമാണ്. ധർമ്മത്തിന്റെ മാറ്റ് നിങ്ങളിൽ എത്രത്തോളം ഉണ്ടെന്നറിയാൻ വന്നതാണ് ഞാൻ. ഞാൻ നിങ്ങളിൽ അതീവസന്തുഷ്ടനായിരിക്കുന്നു. ഉടൻതന്നെ നിങ്ങൾക്കു സ്വർഗ്ഗത്തിലേക്കു പോകാം. നിങ്ങളെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാനായി ഇതാ വിമാനം എത്തിയിരിക്കുന്നു." അപ്പോഴേക്കും അവിടെയെത്തിയ വിമാനത്തിൽ കയറി ആ കുടുംബം സ്വർലോകം ഗമിച്ചു.

കീരി തുടർന്നു പറഞ്ഞു: ഇതെല്ലാം ഞാൻ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അവരെല്ലാം അവിടെനിന്നു പോയിക്കഴിഞ്ഞപ്പോൾ അതിഥിയുടെ പാദം കഴുകിയ ജലാംശം തങ്ങിനിന്നതിലും അതിഥി ഭക്ഷിച്ച സക്തുമാവിന്റെ ശകലങ്ങളിലും ഞാൻ കിടന്നുരുണ്ടു. ആ ശകലങ്ങൾ സ്പർശിച്ച് എന്റെ ശരീരഭാഗങ്ങളെല്ലാം സ്വർണ്ണമയമായി.

എന്നാൽ ബാക്കിഭാഗവും സ്വർണ്ണവർണ്ണമാകുവാൻ വേണ്ടി ഇവിടെ നടന്ന യാഗത്തിൽ ഞാൻ പങ്കുകൊണ്ടു. ബ്രാഹ്മണരുടെ പാദപ്രക്ഷാളനം നടത്തിയ തീർത്ഥത്തിൽ കിടന്നുരുണ്ടു. നോക്കൂ...എന്നിട്ടും യാതൊരു ഫലവുമുണ്ടായില്ല. അതാണ് ഞാൻ പറഞ്ഞത് ഈ യാഗത്തിന് ഇടങ്ങഴി സക്തുമാവിന്റെ വിലപോലുമില്ലെന്ന്.

ഇങ്ങനെ ത്യാഗത്തിന്റെ മാഹാത്മ്യം വെളിപ്പെടുത്തിയശേഷം കീരി അവിടെനിന്നും മറഞ്ഞു.

സുബൈദ കെ.



# ഗുരുവിനെ ഓർക്കുമ്പോൾ...



പ്രിയ സുധീ....

ഗുരുവിനെ തേടാനിടയായ സാഹചര്യങ്ങളെക്കുറിച്ച് എഴുതണമെന്ന് സുധി ആവശ്യപ്പെട്ടിരുന്നല്ലോ. ഞാൻ ചിലതൊക്കെ എഴുതി വച്ചിരുന്നു. അതു പകർത്തി അയച്ചുതരാം എന്നു വിചാരിച്ച് വായിച്ചുനോക്കിയപ്പോൾ അതെനിക്കു തൃപ്തികരമായി തോന്നിയില്ല. ഇപ്പോൾ വീണ്ടും എഴുതുകയാണ്. സുധിയുടെ ഇഷ്ടംപോലെ ചെയ്യാം. കാലമെത്ര കഴിഞ്ഞുപോയി. എന്നാൽ ഇപ്പോഴും ഞാൻ ഗുരുവിനെ ആദ്യമായി കണ്ടുവന്ന നിമിഷങ്ങൾ അയവിറക്കാറുണ്ട്. ഒത്തിരി കാലത്തേക്ക് പറഞ്ഞറിയിക്കാനാവാത്ത ആ അനുഭൂതി എന്നിൽ നിറഞ്ഞുനിന്നിരുന്നു. രാത്രി ഞാൻ സ്വപ്നം കാണാറില്ലായിരുന്നു. കുയിലിന്റെ ശബ്ദത്തിന്റെ മാധുര്യം അന്നാണ് ആദ്യമായി അറിയുന്നത്. പൂക്കളുടെ അഴകും നക്ഷത്രങ്ങളുടെ തിളക്കവും എല്ലാം.

മോനു അന്ന് ചെറിയ കുട്ടിയായിരുന്നു. അവനായിരുന്നു എന്റെ തുണ. ഞങ്ങൾ ഊട്ടിയിലെ ഗുരുകുലത്തിൽ ചെന്നു കയറുമ്പോൾ വൈകുന്നേരമായിരുന്നു. പത്തുപന്ത്രണ്ടു വർഷങ്ങളോളമായി ഉള്ളിൽ കൊണ്ടുനടന്നിരുന്ന ഒരാഗ്രഹം

വളരെ സാഹസികമായി സാധിച്ചെടുത്ത ഒരു ത്രിൽ ഞാൻ അനുഭവിച്ചു. ഒരു മുസ്ലീംസ്ത്രീ തനിച്ച് ഗുരുകുലത്തിലെത്തിയത് ഗുരു അടക്കം അവിടെയുള്ളവർക്കെല്ലാം അത്ഭുതമായതും എന്നെ സ്പർശിച്ചു. ഗുരുവിന് കത്തെഴുതി അനുവാദം മേടിച്ചുതന്നെയാണ് ഞാൻ ചെന്നിരുന്നത്. ആദ്യമായി ഗുരു എനിക്കെഴുതിയ ആ കത്ത് ഞാനിന്നും ഭദ്രമായി സൂക്ഷിക്കുന്നു. ഞാൻ അങ്ങയുടെ ആരാധികയാണ് എന്ന എന്റെ സംബോധനയ്ക്ക് അല്ലാഹുവിനെയല്ലാതെ വേറെ ആരേയും ആരാധിയ്ക്കരുത് എന്ന് മോൾ കേട്ടിട്ടില്ലേ എന്ന് ഗുരു മറുപടിയിൽ എഴുതിയിരുന്നു.

അല്ലാഹുവിലുള്ള വിശ്വാസവും അവിശ്വാസവും അതിനെ ചുറ്റിപ്പറ്റിയുള്ള ആചാരാനുഷ്ഠാനങ്ങളുമൊക്കെത്തന്നെയാണ് എന്നെ ഗുരുവിലെത്തിച്ചതും. ചെറിയ കുട്ടിയായിരിക്കുമ്പോൾതന്നെ എനിക്ക് സംശയമുണ്ടായിരുന്നു. മതവും മതത്തിൽ പറയുന്ന ദൈവവും ഒക്കെ സത്യമാണോ... വിശ്വസിക്കണോ... എന്നൊക്കെ. സ്വർഗ്ഗവും നരകവുമായിരുന്നു എന്നെ ഏറ്റവുമധികം വിഷമിപ്പിച്ചത്. അണുമണിത്തൂക്കമെങ്കിലും നന്മ ചെയ്തിട്ടുള്ളവർ സ്വർഗ്ഗത്തിന് അവകാശികളാണ് എന്നു പറയുമ്പോൾത്തന്നെ മുസ്ലീങ്ങൾക്ക് മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശനമുള്ളൂ എന്നു പറയും. ആരോടും ചോദിക്കാനോ പറയാനോ പാടില്ലാത്ത സംശയങ്ങളാണിതൊക്കെ. മനുഷ്യർ തമ്മിൽ വേർതിരിവുണ്ടോ? ഒരു മതം മറ്റൊരു മതത്തേക്കാൾ ശ്രേഷ്ഠമാണോ? ഒരു വിശ്വാസം ദൈവികവും മറ്റു വിശ്വാസം പൈശാചികവുമാകുന്നതെങ്ങനെ? മനസ്സിനെ മഥിച്ചിരുന്ന സംശയങ്ങൾക്ക് ഉത്തരം കിട്ടാൻ വേണ്ടിയാകണം ഞാൻ ദാർശനിക പുസ്തകങ്ങൾ തേടിനടന്നത്.

ഞങ്ങളുടെ ഗ്രാമത്തിലുള്ള ലൈബ്രറിയിൽനിന്നും അത്തരം ഒരു പുസ്തകം എന്റെ കയ്യിൽ എത്തിച്ചേർന്നു. ഗുരു നിത്യചൈതന്യയതി എഴുതിയ **'മൂല്യങ്ങളുടെ കുഴമറിച്ചിൽ'** എന്ന പുസ്തകമായിരുന്നു അത്. ആദ്യമായാണ് അത്തരമൊരു പുസ്തകം ഞാൻ വായിക്കുന്നത്. അതിലെ ഒരു വാചകം എനിക്കു വേണ്ടി, എന്നെ ആശ്വസിപ്പിക്കുവാൻവേണ്ടി എഴുതപ്പെട്ടതുപോലെ തോന്നി. അതിപ്രകാരമായിരുന്നു:

**"**ഒരു നല്ല ഹിന്ദുവായിരിക്കുക എന്നത് നല്ല കാര്യംതന്നെയാണ്. ഒരു നല്ല മുസ്ലീമായിരിക്കുക, ഒരു നല്ല ക്രിസ്ത്യാനിയായിരിക്കുക എന്നതും നല്ലതുതന്നെയാണ്. പക്ഷേ, ഇതിനേക്കാളുമൊക്കെ നല്ലത് ഒരു നല്ല മനുഷ്യനായിരിക്കുക എന്നതാണ്.**"** അന്നുമുതൽ ഗുരുവിന്റെ പുസ്തകങ്ങൾ അന്വേഷിച്ചുതുടങ്ങി. ചിലതൊക്കെ കിട്ടുകയും വായിക്കുകയും ചെയ്തു. ഉള്ളിൽ ഉരുണ്ടുകൂടിയിരുന്ന ഇരുട്ടിലേയ്ക്ക് ഗുരു വെളിച്ചമായി കടന്നുവന്നു. നേരിൽ കാണാനുള്ള പ്രാർത്ഥന ഉള്ളിലിട്ടങ്ങനെ നടന്നു. വിദ്യാഭ്യാസം, ജോലി, വിവാഹം അങ്ങനെ ഓരോ താവളങ്ങൾ താണ്ടുമ്പോഴും മങ്ങിപ്പോകാതെ ആ ഒരാഗ്രഹംമാത്രം തെളിഞ്ഞുനിന്നതിനാലാകണം ഒരു സുഹൃത്തിന്റെ പ്രോത്സാ

ഹനത്തിന്റെ ബലത്തിൽ ഞാനെന്റെ മകന്റെ കയ്യുംപിടിച്ച് ഗുരുകുലത്തി ലെത്തിയത്.

രണ്ട് ദിവസം അവിടെത്തങ്ങി. ഗുരുവിനോട് ഞാനൊന്നും ചോദിച്ചി ല്ല. എഴുത്തുമുറിയിൽ പോയി ഗുരു വിനെ കണ്ടു. ഗുരു നടത്തിയ കുശ ലാന്വേഷണങ്ങൾക്ക് മറുപടി പറ



ഞ്ഞു. ഗുരുവിന്റെ കൂടെ നടക്കാൻ പോയി. ഇന്നോർത്തുനോക്കുമ്പോൾ ഒരു വിഢിയെപ്പോലെയാണ് ഞാന വിടെ സമയം ചിലവഴിച്ചതെന്നു തോന്നും. പോരാൻനേരം ഗുരുവിന്റെ കാൽതൊട്ടു വന്ദിക്കുന്നതിനുപകരം ഞാൻ കൈപിടിച്ചു മുത്തി. അപ്പോൾ ഗുരുവിന്റെ ചിരിയിലെ വാത്സല്യം ഇന്നും ഞാനോർക്കുന്നു. അന്നത്തെ ആ നടത്തത്തിന് ഗുരുവിന്റെ കൂട്ട് സുധിയായിരുന്നു. ആ പരിചയം ഇന്ന് ഗുരുവിനോടുള്ള ആത്മാനുരാഗ ത്തിന്റെ തുടർച്ചയായി ഞാൻ അനുഭ വിക്കുന്നു. പിന്നീട് ഗുരു സമാധിയാ കുംവരെ കത്തുകളയച്ചു.

ജന്മജന്മാന്തരങ്ങളായി മനസ്സുക ളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യ ങ്ങൾ എപ്രകാരമാണ് ഗുരു ഇല്ലാതാ ക്കുന്നത് എന്ന് അനുഭവിച്ചാൽ മാത്രമേ അറി യൂ. ഒരു കാര്യ ത്തെക്കുറിച്ച് ഗുരു പറയു മ്പോൾ അതിനെ വിവിധ തലങ്ങ ളിൽ ശാസ്ത്രീ യമായി നടത്തു മ്പോൾ നമ്മുടെ ഉള്ളിലുള്ള 'ഭൂതം'(past) കെട്ടഴിഞ്ഞുപോ കുന്നു. ഗുരുവു മായി ആത്മ ബന്ധം ഉണ്ടാ യിരുന്നില്ലെ ങ്കിൽ ദൈവം എന്ന പൊരുളിന്റെ വൈവിധ്യങ്ങളറി യാതെ ജീവിതം യാന്ത്രികമാക്കി ത്തീർക്കുന്ന ഒരാളായി ഞാൻ മാറിയേ നെ. ഇസ്ലാമിന്റെ ആന്തരികസത്തയി ലിരുന്നുതന്നെ പലമതസാരങ്ങളേയും ഉൾക്കൊള്ളാനും അതിർവരമ്പുകളി ല്ലാത്ത ഒരു ഏകലോകസംവിധാനം വിദൂരസ്വപ്നമായെങ്കിലും കാണാനും ജീവിതം ധന്യമാക്കാനും എനിക്കു കഴിഞ്ഞത് വലിയൊരു അനുഗ്രഹ മായി ഞാനറിയുന്നു.

# EIGHT VERSES ON GUHA
## (Guha Ashtakam)

Free Verse Translation By **SWAMI SUDHI**

Meditate on each verse deeply and penetratingly; experience the inner love, piece, and light. Remain in that state for a long time cherishing the beauty of GUHA.

### 1

Meditate on Guha in right earnest;
He is the Lord of all Devas,
And he is the essence of their army.
He is full of peace and born of bliss,
He is truth embodied,
He is grounded on no-thing,
He becomes the ground for the world.
He is a series of subject-object interaction,
He stays beyond sattva, rajas and tamas,
He is known by the blessing of Guru,
He is merciful and munificent.
He is a garden of youthfulness,
Beloved wife Valli frolicks as a beetle therein.

### 2

Meditate on Guha in right earnest;
He is the Lord of all Devas and
He is worshipped by Vishnu and Brahma.
He shines like sun in the hearts of true devotees,
He has been the guest of Varuna for long
He is both being and non-being in the three worlds,
He is formless after all and has conquered the form,
He is the abode of various worlds,
He is the home of those who praise him,
He is adored by great people and
His upper arm is adorned with bracelets.

3

Meditate on Guha in right earnest;
He is the Lord of all Devas,
He is Skanda and his body is saffron-coloured,
He is the bliss arising from creative pulse,
He is supreme bliss,
He resembles a galaxy of lights
Streaming with beauty and grandeur.
He is the cessation of mind,
He is devoid of ignorance
That binds you as a chain.
He is beginningless and the cause of all,
He is sorrowless and the fulfillment of happiness.

4

Meditate on Guha in right earnest,
He is the Lord of all Devas.
He is ornamented with coiled-up snakes,
And his body is smeared with sacred ashes,
He is unattached to worldliness,
His body is surrendered to the wheel of light,
He has no home but he is the home for all,
He is powerful enough to protect his devotees,
He will not do any karma apart from his dharma,
He loves his devotees ardently,
He is well established in Brahman
And yet he appears to be crimson-red.

5

Meditate on Guha in right earnest,
He is the Lord of all Devas.
He is of the body, lustrous and handsome,
He is adored by virtuous people,
He is adorned with comely matted-hair,
He is with sacred thread worn in great sacrifice
Performed by worshipping people in propitiation

He is with six genuine faces
And the lotus-feet adorable
By even those who are inimical to him.
He burns down the fear of worldliness,
He is the cause of various objects
And he himself remains causeless.

6

Meditate on Guha in right earnest,
He is the Lord of all Devas.
He is honoured even by reclusive sages,
He is beyond any measurement.
His matted-hair is nicely bejeweled with the serpent,
He has conquered the lord of lust,
He is overwhelmed with the stirring waves of elixir,
He is unattached to everything,
And yet attached to all as the basis.
He belittles the sun with his own lustre,
His mind is good and he has defied the fear,
He is the only desirable One that never binds you.

7

Meditate on Guha in right earnest,
He is the Lord of all Devas.
He is eminent,
He grants contentment to devotees,
He draws attraction of enlightened souls,
He eliminates the sins of evil-doers,
He is the light in the end of music, silence,
He is the one and the many at the same time,
He is unattached to everything,
And yet attached to all as the basis.
He has made the celestial tree coward
By giving away boundless gifts,
He chases away the darkness of life,
He is the annihilator of time,
And yet he remains unaffected by time.

## 8

Meditate on Guha in right earnest,
He is the Lord of all Devas.
He ever shines in the hearts of sages,
He is truth itself,and he has no house,
He has taken the universe as his house,
His body looks like a red hibiscus flower,
He is handsome, and filled with greatness,
He has worn a garland of pearls on his chest,
He is with the lotus-feet fondled by his wife,
He is the One born in the heaven for the world,
His throat is black with deadly poison,
And yet he is unaffected by poison.


ഗുരുരാഗം

വേദാന്ത മാസിക വായിക്കുക വരിക്കാരാവുക

പേര്.............................................................................................................

വിലാസം.........................................................................................................

പോസ്റ്റ്...............................................................പിൻ കോഡ്..........................

സ്ഥലപ്പേര്/റോഡ്.............................................ജില്ല....................................

ഫോൺ............................................മൊബൈൽ.............................................

1 വർഷം 120 രൂപ
2 വർഷം 240 രൂപ
ആജീവനാന്തം 1500 രൂപ

മാസിക വേണ്ടവർ
മണിയോർഡർ/ചെക്ക് അയയ്ക്കുക

ഗുരുരാഗം മാഗസിൻ, നിത്യനികേതനം, ചെത്തിക്കോട് പി.ഒ.
കാഞ്ഞിരമറ്റം, എറണാകുളം-682315, ഫോൺ-0484-2749819

ദൃശ്യ വേദാന്ത



പ്രവീൺ വി. പി.

# വിശുദ്ധനായ കള്ളന്റെ സെൻ-സുവിശേഷങ്ങൾ



ആസ്വാദനത്തിന്റെ നാലാം പാദത്തിൽ കല, മനസ്സിനപ്പുറമുള്ള സംവേദനമാണ്, സ്വപ്നങ്ങൾക്കപ്പുറത്തുള്ള സൗന്ദര്യമാണ്. ഈ തുരീയബിന്ദുവിൽ കലയും കലാകാരനും പ്രേക്ഷകനുമെല്ലാം ഒന്നായിത്തീരുന്നു. സെൻ-ചിത്രങ്ങളുടെയും കവിതകളുടെയും അനുഭവതലം സാക്ഷ്യപ്പെടുത്തുന്നതും ഇതു തന്നെ. ഒരു സെൻ-ഗുരു തന്റെ കുടിലിൽ കടന്നുകയറിയ കള്ളനു വേണ്ടി പ്രാർത്ഥിച്ചതിങ്ങനെയാണ്:
"നിനക്കു തരുവാൻ എന്റെ കയ്യിൽ ഒന്നും തന്നെയില്ല - ഈ ശാന്തിയും അതിന്റെ കുളിർമ്മയുമല്ലാതെ.."

സെൻ-രചനാരീതിയുടെ സവിശേഷതകൾ ചലച്ചിത്രത്തിലേക്ക് എത്തിച്ചേരുമ്പോൾ ആ മാധ്യമവും പൂർണ്ണ സംവേദനം കൊണ്ട് മികവുറ്റതാവുന്ന അനുഭവമാണ് 'ത്രീ അയേൺ' (Three Iron) എന്ന കിം കി ഡുക്ക് (Kim Ki Duk) ചിത്രത്തിന്റെ കാഴ്ച നമുക്കു നൽകുന്നത്. ഒരു ഭവനഭേദകന്റെ കഥയിലൂടെ ആധുനിക മനുഷ്യൻ പടുത്തുയർത്തുന്ന വ്യർത്ഥഗോപുരങ്ങൾ തുറന്നുകാട്ടുന്ന സംവിധായകൻ, അപ്പോ

ഴും ജീവിതത്തിന്റെ സൂക്ഷ്മതാള ങ്ങൾ നിഷേധാത്മകത കൊണ്ട് അടഞ്ഞു പോകാതിരിക്കുവാൻ ശ്രദ്ധിക്കുന്നു. അങ്ങനെ, സിനിമ യിലെ ജീവിതം ആഘാതങ്ങൾ ക്കിടയിലെ സംഗീതമാവുന്നു. ഈ മൗനത്തിന്റെ മുഴക്കം തിരിച്ചറി വിന്റെ മഴയായി പെയ്തിറങ്ങുന്നു.

നന്മ നിറഞ്ഞവരും ക്രൂരന്മാരു മൊക്കെയായ നിരവധി കള്ളന്മാർ നമുക്കു പരിചിതരാണ്. എന്നാൽ, ഈ സിനിമയിലെ നായകകഥാ പാത്രമായ 'റ്റേ-സക്' എന്ന യുവ തസ്കരനെ തീർത്തും കള്ളൻ എന്നു വിളിക്കാനാവില്ല. വീടിന്റെ വാതിലുകൾ ഒരു തസ്കരന്റെ നൈപുണ്യത്തോടെ തുറക്കുന്ന അവൻ പിന്നീടെന്താണു ചെയ്യുന്നത്? വീട്ടിൽ അലങ്കോലമായിക്കിട ക്കുന്ന വസ്ത്രങ്ങൾ കഴുകി വൃത്തിയാ ക്കുക, കേടുവന്ന വീട്ടുപകരണങ്ങൾ നന്നാക്കുക, ഒര ല്പം ആഹാരം പാകം ചെയ്തു കഴിക്കുക, പിന്നെ, നന്നായി ഒന്നുറങ്ങുക. ഇ ടയ്ക്ക് വീട്ടുകാരുടെ കുടുംബചി ത്രവുമായി ചേർന്നുനിന്ന് തന്റെ ക്യാമറയിൽ ഏതാനും ചിത്ര ങ്ങൾ പകർത്തുന്നു. അങ്ങനെ അവനും ആ കുടുംബത്തിലെ ഒരംഗമായിത്തീരുകയാണ്. ഇതിലെവിടെയാണ് മോഷണം? തീർച്ചയായും അവൻ മോഷ്ടി ക്കുന്നുണ്ട്! അന്യവൽക്കരിക്ക പ്പെട്ട ഉത്തരാധുനിക സമൂഹം സൗകര്യപൂർവം ഉപേക്ഷിച്ചുക ളഞ്ഞ കർമ്മങ്ങളാണ് അവൻ മോഷ്ടിക്കുന്നത്! തന്നെ പുച്ഛഭാ വത്തിൽ നോക്കുന്ന ധനികന്റെ വസതിയിലാണ് പിന്നീട് അവൻ കയറുന്നത്. അവിടെ കാര്യങ്ങൾ വളരെ മോശമായിരിക്കുമെന്ന് ഒരു പക്ഷേ അവൻ ഊഹിച്ചിട്ടു ണ്ടാവാം! അവിടെയും അവൻ തന്റെ പതിവു ചെയ്തികളിലേക്കു കടക്കുന്നു. കൂടുതൽ അഴുക്കുപു രണ്ട വസ്ത്രങ്ങളും ചെരിപ്പുകളും വൃത്തിയാക്കുന്നു. ചെടികളെ പരി പാലിക്കുന്നു. എന്നാലും, ആ വീട്ടിൽ ആകെയൊരു ഭാരക്കുടു



തൽ അവനു തന്നെ അനുഭവപ്പെ ടുന്നുണ്ട്. കേടുവന്ന ഭാരമാപിനി നന്നാക്കി അവൻ അതിന് അയവു വരുത്തുന്നു.

മനുഷ്യജീവിതത്തെ ചതുരം ഗം, വാൾപ്പയറ്റ് തുടങ്ങിയ കളിക ളുമായി പലപ്പോഴും ഉപമിച്ചു കാണാറുണ്ടല്ലോ? എന്നാൽ ഗോ ൾഫ് കളിയിലെ പന്തടിയുമായി നിഗൂഢമായ ജീവിതരഹസ്യ

ങ്ങളെ ഉപമിക്കുന്നതിന്റെ അത്യപുർവമായ സൗന്ദര്യം ഈ സിനിമയിൽ കാണാം. ധനികന്റെ വീട്ടിൽ വിഷാദവതിയായ ഒരു യുവതിയുടെ നിശ്ശബ്ദ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ കള്ളൻ ആദ്യം അവിടം വിട്ടു പോകുന്നു. എന്നാൽ കേടുവന്ന ഒരു സംഗീതോപകരണം കണക്കെ ഒരു സ്ത്രീഹൃദയം അവിടെ മിടിക്കുമ്പോൾ അവനെങ്ങനെ മടങ്ങിവരാതിരിക്കും? യന്ത്രങ്ങൾ നന്നാക്കുന്നുവെങ്കി ലും അവന്റെ ജീവിതം ഒട്ടും യാന്ത്രി കമല്ലല്ലോ? അവൻ തിരിയെ വരുന്നു. അവളുടെ തപിക്കുന്ന ആ ത്മാവിൽ സംഗീതമഴ പെയ്യിക്കുന്നു. അവൾക്കു വേണ്ടി, അവൾ



ക്കിണങ്ങുന്ന വസ്ത്രങ്ങൾ ഒരുക്കിവെയ്ക്കുന്നു. വികാരനിർഭരമായ കരുതലായി, ഗോൾഫ് പന്ത് അവൾക്കരികിലേക്കുരുട്ടുന്നു. പെട്ടെന്ന്, വീട്ടിലേക്കു കടന്നുവന്ന അവളുടെ ഭർത്താവ് അവന്റെ കരുതലിനെ തടയുന്നു. മാത്രമല്ല, അവളെ കടന്നു പിടിച്ച്, അതികാമത്തിന്റെ ക്രൂരത കാട്ടുന്നു. ഇപ്പോൾ നമ്മുടെ കള്ളൻ പഴയ സൗമ്യാത്മാവല്ല! 'ത്രീ അയേൺ' (ഗോൾഫ് കളിയിലെ മൂന്നാം നമ്പർ സ്റ്റിക്ക്) കൊണ്ട് അവൻ പന്തിനെ അതിശക്തമായി പ്രഹരിക്കുന്നു. സഹജീവിയോടു കരുതലില്ലാത്ത ധനികന്റെ ശരീരത്തിലേക്ക് അവനത് വീണ്ടും വീണ്ടും പായിക്കുന്നു. സെൻ-ഗുരുവിന്റെ കരുതൽ പലപ്പോഴും പ്രഹരങ്ങൾ നിറഞ്ഞതാവുമല്ലോ! ഇരുട്ടിനെ പ്രഹരിക്കുകയും വെളിച്ചത്തെ പ്രണയിക്കുകയും ചെയ്യുന്ന അസന്നിഗ്ദ്ധത മറ്റെവിടെയാണിത്രയ്ക്കു കാണാനാവുക?

'സൻ-ഹ്വാ' എന്ന സുന്ദരിയായ യുവതി വിരസനായ തന്റെ ഭർത്താവിനെ വിട്ട്, സ്വധർമ്മമെന്തെന്നറിയാവുന്ന ഭവനഭേദകനോടൊപ്പം വീടുവിട്ടിറങ്ങുന്ന കാഴ്ചയാണു പിന്നെ നാം കാണുന്നത്. അവരുടെ യാത്രയ്ക്കു സാക്ഷിയായ നായക്കുട്ടിയും ആകാശത്തേക്കു ചിറകുവിരിച്ചു നിൽക്കുന്ന സ്ത്രീരൂപവും ദുരൂഹമായ ചില ജീവിതപാഠങ്ങൾ വായിച്ചെടുക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു...

പിന്നീട് ഇരുവരുമൊന്നിച്ചാണ്, അന്യഗൃഹങ്ങളിലുള്ള തികച്ചും അപായകരമായ തസ്കരജീവിതം! ഇത്തവണ ഒരു ബോക്സറുടെ വീട്ടിലാണ് അവർ കയറുന്നത്. അവന്റെ അവളോടുള്ള കരു

തലും പ്രണയവും ഇപ്പോൾ അതിന്റെ പരകോടിയിലാണ്. അവിടെ, കേടായ ഉപകരണങ്ങൾ നന്നാക്കിക്കൊണ്ടിരിക്കുന്ന അവന്റെ അടുക്കലേക്ക് അവൾ ഒരു കത്രികയുമായെത്തുന്നു. അവളുടെ കണ്ണുകളിലെ നിശ്ശബ്ദമായ അഭ്യർത്ഥന മനസ്സിലാക്കിയ അവൻ അവളുടെ മുടിയിഴകൾ മുറിച്ച് അവളുടെ അഭൗമത പുന:സൃഷ്ടിക്കുന്നു. വിഷാദമൊഴിഞ്ഞ അവളോടൊപ്പം അവൻ അവിടെ മതിമറന്നുറങ്ങുകയും ഒടുവിൽ പിടിയ്ക്കപ്പെടുകയും ചെയ്യുന്നു.



ബോക്സറുടെ ഇടി കൊണ്ടു നുറുങ്ങിയെങ്കിലും മോഷണമൊന്നും നടന്നിട്ടില്ല എന്നു കണ്ട് അയാൾ അവരെ പോകാനനുവദിക്കുന്നു. അവളിലെ കർമ്മോൽസുകമായ മാതൃത്വത്തിന്റെ പരിചരണത്തിൽ അവൻ സുഖം പ്രാപിക്കുന്നു...അടുത്തതായി മരണത്തിന്റെ നിഴൽ വീണ ഒരു ഭവനത്തിലാണ് അവരെത്തുന്നത്. കുടുംബനാഥന്റെ അനാഥമായ മൃതദേഹത്തിനരികെ, സ്നേഹരൂപമായി ഒരു നായക്കുട്ടി മാത്രം! വിശുദ്ധപ്രണയത്താൽ ബന്ധിതരായ നമ്മുടെ കമിതാക്കൾ ഇവിടെ സന്ദർഭത്തിനൊത്തുയർന്ന് ആ വന്ദ്യവയോധികന്റെ ശരീരം ഉചിതമായ രീതിയിൽ തന്നെ സംസ്കരിക്കുന്നു.

കേസന്വേഷിച്ച പോലീസ് ഓഫീസർ, അവന്റെ നിരപരാധിത്വം തെളിയിക്കാൻ ശ്രമിക്കുകയും ഏതൊരു മകനും നൽകുന്നതിനേക്കാൾ നല്ല അന്ത്യകർമ്മങ്ങളാണ് ആ പിതാവിനു നൽകപ്പെട്ടതെന്നു വിളിച്ചുപറയുകയും ചെയ്യുന്നുണ്ട്. എന്നാൽ, അയാളെ അവഗണിച്ച് മേലുദ്യോഗസ്ഥൻ കൈക്കൂലി വാങ്ങി, അവന് ശിക്ഷ വിധിക്കുകയും ജയിലിലടയ്ക്കുകയും ചെയ്യുന്നു.

ജയിലിലും അവനൊരു സത്യാന്വേഷി തന്നെയാണ്. സാധനകളിലൂടെ സ്വന്തം നിഴലിനെ തോൽപിച്ച് അപ്രത്യക്ഷനാകുവാൻ പരിശീലിക്കുന്നു. പലപ്പോഴും ക്രൂരമായി പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അവൻ തന്റെ ശ്രമം തുടരുകയും ഒടുവിൽ വിജയിക്കുകയും ചെയ്യുന്നു...പിന്നീട്, ജയിലിനു പുറത്തു കടന്ന അവൻ താൻ കയറിയ പഴയ വീടുകൾ ഒന്നൊന്നായി സന്ദർശിക്കുന്നു. അമാനുഷികത കൈവരിച്ചു കഴിഞ്ഞ അവൻ അവിടത്തെ ദുഷ്ടകഥാപാത്രങ്ങളെ അദൃശ്യ

നായി നിന്നു നേ രിടുന്നു. തന്റെ കാമിനിയെത്തേടി അവളുടെ വീട്ടിലെത്തിയ അവൻ അവൾക്കു മാത്രം ദൃശ്യനായി നിന്ന് തന്റെ മായാവിനോദത്തിലേർപ്പെടുന്നു. പിന്നീട്, അവളിൽ നിന്നൊളി ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവന്റെ നിഴലിനെ പിന്തുടർന്നു



ചെന്ന് അവൾ അവനോടു ചേരുന്നു. ഇപ്പോൾ ഭാരമാപിനിയിൽ ഇരുവരുടെയും ഭാരം പൂജ്യമാണ്. പൂർണ്ണസ്നേഹത്തിനു ഭാരമില്ല എന്നു ദൃശ്യാത്മകമായി ധ്വനിപ്പിച്ചു കൊണ്ട് ചിത്രം അവസാനിക്കുന്നു.

വ്യവസായവൽക്കരണത്തിന്റെ വേഗതയിൽ മനുഷ്യമനസ്സിൽ നിന്നു പുറത്താക്കപ്പെട്ട നന്മകളെ പുനരാർജ്ജിക്കുക എന്ന സന്ദേശമാണ് സംവിധായകനായ കിം കിഡുക്ക് ഈ സിനിമയിലൂടെ ആധുനികസമൂഹത്തിനു നൽകുന്നത്. അതിനായി സംവിധായകൻ സൃഷ്ടിക്കുന്ന ജൈവമനുഷ്യനാണ് ചിത്രത്തിലെ നായകകഥാപാത്രം. അവനെ കള്ളന്റെ വേഷം അണിയിച്ചിരി

ക്കുന്നു എന്നു മാത്രം. കലകളുടെ ചംക്രമണവ്യവസ്ഥയിൽ, ദാനസ്വീകരണങ്ങൾ ഏറെ സംഭവിച്ചിട്ടുണ്ട്. ചിത്രകലയുടെ രൂപഭാവങ്ങൾ ഏറെ സ്വീകരിച്ചിട്ടുള്ളത് സാഹിത്യമാണ്. ചിത്രകലയേക്കാൾ ചലനാത്മകമായ സിനിമയിലേക്ക് ചിത്രരചനയുടെ സങ്കേതങ്ങൾ കൊണ്ടുള്ള ഒരു പരീക്ഷണം പരാജയപ്പെടാവുന്ന ഒന്നാണ്-പ്രത്യേകിച്ച് വളരെ സൂക്ഷ്മമായ സെൻ ചിത്രരചനയുടെ- പക്ഷേ, സംവിധായകന്റെ അസാധാരണ പ്രതിഭ ഇവിടെ വിജയിക്കുകയാണു ചെയ്യുന്നത്. അങ്ങനെ, മികച്ച ഒരു കലാസൃഷ്ടി സെൻ അനുഭവമായി നമുക്കു ലഭിക്കുന്നു. സാങ്കേതികമായി വിജയിക്കുന്ന ചിത്രങ്ങൾ മൂല്യപരമായ സംശയങ്ങൾ അവശേഷിപ്പിക്കുന്ന കാഴ്ചയ്ക്ക് ഒരപവാദം കൂടിയാണ് ഈ സിനിമ.

# വേദാന്ത വൃത്താന്തം

തൃപ്പൂണിത്തുറ: ശ്രീ. സദാശിവന്റെ വസതിയിൽവച്ച് ഫെബ്രുവരി 22 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് വേദാന്ത ബേസിക് കോഴ്സിന് തുടക്കം കുറിച്ചു. ആദ്യത്തെ ക്ലാസ്സ് നാരായണഗുരുവിന്റെ ബ്രഹ്മവിദ്യാപഞ്ചകത്തെ ആസ്പദമാക്കിയായിരുന്നു. ജിജ്ഞാസ വിഷയതലത്തിലുള്ളതല്ല. ആത്മതലത്തിലുള്ളതാണ്. ഒരു വ്യക്തി ജിജ്ഞാസുവായിരിക്കുമ്പോൾ അവരുടെ അറിവിന്റെ തലം ഏതു തരത്തിലാണ് പ്രവർത്തിക്കേണ്ടതെന്നാണ് നാരായണഗുരു ബ്രഹ്മവിദ്യാപഞ്ചകത്തിലൂടെ പറയുന്നതെന്ന് സ്വാമി സുധി പറഞ്ഞു. രണ്ടാമത്തെ ക്ലാസ്സ് ദൈവദശകത്തെ ആസ്പദമാക്കിയുള്ളതായിരുന്നു. ദൈവദശകത്തിൽ എന്തെല്ലാം അർത്ഥനകളാണ് ഗുരു നമ്മോട് നടത്താൻ പറഞ്ഞിരിക്കുന്നതെന്ന് സ്വാമിജി ചൂണ്ടിക്കാണിച്ചു.

ഉദയംപേരൂർ: വയൽവാരം കുടുംബയൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വൺവേൾഡ് സ്കൂൾ ഓഫ് വേദാന്തയുടെ സഹകരണത്തോടെ നടത്തുന്ന ബാലവേദാന്തസത്സംഗം ഫെബ്രുവരി 22 ഞായറാഴ്ച രാവിലെ 10 ന് സ്വാമി സുധി ഉദ്ഘാടനം ചെയ്തു. ബാലവേദാന്തയിൽ മുപ്പത്തഞ്ചോളം കുട്ടികൾ അംഗങ്ങളായി ചേർന്നു.

തിരുവല്ല: തിരുവല്ല എസ്. എൻ. ഡി. പി യൂണിയൻ മണിമലയാറിന്റെ തീരത്ത് സംഘടിപ്പിച്ച ശ്രീനാരായണകൺവൺഷനിൽ 'നാരായണഗുരുവിന്റെ കാരുണ്യദർശനവും ദൈവദർശനവും' എന്ന വിഷയത്തെ ആസ്പദമാക്കി സ്വാമി സുധി പ്രഭാഷണം നടത്തി.

ബോംബെ: നവി മുംബൈയിലെ ശ്രീനാരായണഅന്താരാഷ്ട്രപഠനകേന്ദ്രം സംഘടിപ്പിച്ച കൺവെൻഷനിൽ ഗുരുരാഗം മാസികയുടെ പ്രചാരകനായ ശ്രീ.പ്രദീപ്കുമാറിന്റെ നേതൃത്വത്തിൽ വൺ-വേൾഡ് പബ്ലിഷിങ് ഹൗസിന്റെ പ്രസിദ്ധീകൃതമായ പുസ്തകങ്ങളും ഗുരുരാഗം മാസികയുടെ പ്രദർശനവും നടന്നു.

ഉഴവൂർ: ദമ്പതികൾക്കായി നടന്ന പഠനക്യാമ്പിൽ 'ദാമ്പത്യജീവിതത്തിൽ ശ്രീനാരായണദർശനത്തിന്റെ പ്രസക്തി' എന്ന വിഷയത്തെ ആസ്പദമാക്കി സ്വാമി സുധി ക്ലാസ്സ് നയിച്ചു.

കോട്ടയം: കോട്ടയം യൂണിയനിലെ പഠനവിദ്യാർത്ഥികൾക്കായി സദാചാരത്തെ ആസ്പദമാക്കി സ്വാമി സുധി ക്ലാസ്സെടുത്തു. അന്നുതന്നെ ശ്രീ. ബാലാജിയുടെ സദ്ഗമയ എന്ന പുസ്തകത്തിന്റെ പ്രകാശനവും നടന്നു. സദ്ഗമയ സ്വാമി സുധി ശ്രീ. ബാബുരാജിന് നൽകിക്കൊണ്ടാണ് പ്രകാശനം ചെയ്തത്.

## STATEMENT ABOUT THE OWNERSHIP AND OTHER PARTICULARS OF GURURAGAM MONTHLY
## FORM - IV

| | | |
|---|---|---|
| Place of Publication | : | Chethicode |
| Periodicity | : | Monthly |
| Printer's Name | : | K.K. Sadasivan |
| Address | : | Jyothy Off-Set<br>Chathari<br>Tripunithura P.O.<br>Ernakulam-682301 |
| Whether Citizen of India | : | Yes |
| Publisher's Name | : | Sajitha M.S. |
| Address | : | Nityaniketan<br>Chethikode P.O.<br>Kanjiramattom<br>Ernakulam-682315. |
| Whether Citizen of India | : | Yes |
| Editor's Name | : | Sajitha M.S<br>Nityaniketan<br>Chethikode P.O.<br>Kanjiramattom<br>Ernakulam-682315. |
| Whether Citizen of India | : | Yes |
| Owner of the Publication | : | Sajitha M.S<br>Nityaniketan<br>Chethikode P.O.<br>Ernakulam-682315. |
| Whether Citizen Of India | : | Yes |

I, Sajitha M.S, hereby declare that the particulars given above are true to the best of my knowledge and belief.

Chethicode. 10/3/2009.

Sd/-
Signature of the Publisher